# ഐന്ദ്രിയാനുഭവങ്ങളുടെ ആഖ്യാനം: 'വിലായത്ത് ബുദ്ധ' എന്ന നോവലിനെ ആസ്പദമാക്കിയുള്ള പഠനം.

സെന്റ്. തെരേസാസ് കോളേജ് (സ്വയംഭരണം)
മലയാളം ബിരുദാനന്തരബിരുദത്തിന്റെ
ഭാഗികപൂരണത്തിനായി സമർപ്പിക്കുന്ന പ്രബന്ധം.


മരിയ സിസ
രജിസ്റ്റർ നമ്പർ: SM23MAL004


ST. TERESA'S COLLEGE
(AUTONOMOUS)
ESTD 1925

Valued
6/5/25


സെന്റ്. തെരേസാസ് കോളേജ് [സ്വയംഭരണം]
എറണാകുളം, 2025



ST. TERESA'S COLLEGE AUTONOMOUS
ERNAKULAM-682 011

# ST.TERESA'S COLLEGE (AUTONOMOUS) ERNAKULAM

## Certificate of Plagiarism Check for Dissertation

| | |
|---|---|
| Author Name | മരിയ സിസ |
| Course of Study | എം. എ. മലയാളം |
| Name of Guide | ഡോ.ഷഹർബാൻ യു. എച്ച്. |
| Department | മലയാളം ബിരുദാനന്തരബിരുദ വിഭാഗം |
| Acceptable Maximum Limit | 20 |
| Submitted By | library@teresas.ac.in |
| Paper Title | ഐന്ദ്രിയാനുഭവങ്ങളുടെ ആഖ്യാനം വിലായത്ത് ബുദ്ധ എന്ന നോവലിനെ ആസ്പദമാക്കിയുള്ള പഠനം |
| Similarity | 0% AI - NA |
| Paper ID | 3573929 |
| Total Pages | 52 |
| Submission Date | 2025-05-04 14:32:53 |

Mariasisa

**Signature of Student**

2-05-24

**Signature of Guide**

**Checked By**
**College Librarian**

ST. TERESA'S COLLEGE LIBRARY ERNAKULAM

* This report has been generated by DrillBit Anti-Plagiarism Software

## പ്രതിജ്ഞാപത്രം

ഈ പ്രബന്ധം ഇതിനു മുൻപ് ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തുല്യമായ സ്ഥാപനത്തിന്റെയോ ബിരുദത്തിന് സമർപ്പിച്ചിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു.

മരിയ സിസ

രണ്ടാംവർഷമലയാളം
ബിരുദാനന്തരബിരുദം

എറണാകുളം

02/05/25

# സാക്ഷ്യപത്രം

ഡോ.ഷഹർബാൻ യു.എച്ച്
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
സെന്റ്.തെരേസാസ് കോളേജ് (സ്വയംഭരണം),
എറണാകുളം

സെന്റ്.തെരേസാസ് കോളേജ് (സ്വയംഭരണം), മലയാളം ബിരുദാനന്തര ബിരുദത്തിന്റെ ഭാഗിക പൂരണത്തിനായി മരിയ സിസ സമർപ്പിക്കുന്ന **'ഐന്ദ്രിയാനുഭവങ്ങളുടെ ആഖ്യാനം 'വിലായത്ത് ബുദ്ധ' എന്ന നോവലിനെ ആസ്പദമാക്കിയുള്ള പഠനം'** എന്ന പ്രബന്ധം എന്റെ ശിക്ഷണത്തിൽ തയ്യാറാക്കിയിട്ടുള്ളതാണെന്നും ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഡിപ്ലോമക്കോ വേണ്ടി സമർപ്പിച്ചിട്ടുള്ളതല്ലെന്നും ഇത് പൂർണമായോ ഭാഗികമായോ മുൻപ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതല്ലെന്നും സാക്ഷ്യപ്പെടുത്തുന്നു.

2-5-25

എറണാകുളം

02/05/2025

ഡോ.ഷഹർബാൻ യു.എച്ച്

# കൃതജ്ഞത

ഈ പ്രബന്ധരചനയ്ക്ക് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകി എന്നെ സഹായിച്ച സെന്റ്. തെരേസാസ് കോളേജ് മലയാളവിഭാഗം അധ്യാപിക ഡോ.ഷഹർബാൻ യു.എച്ചിനോടും പ്രബന്ധരചനയ്ക്കാവശ്യമായ പുസ്തകങ്ങൾ നൽകി സഹായിച്ച ലൈബ്രറി വിഭാഗം ഉദ്യോഗസ്ഥരോടുമുള്ള നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

എറണാകുളം

02/05/2025

മരിയ സിസ

രണ്ടാംവർഷ മലയാളം
ബിരുദാനന്തര ബിരുദം.

# ഉള്ളടക്കം

**ആമുഖം** **I-III**

പഠനലക്ഷ്യം

പഠനത്തിന്റെ പ്രസക്തി

പരികല്പന

പഠനമേഖല

പഠനരീതി

പ്രബന്ധസ്വരൂപം

**അധ്യായം ഒന്ന്**

**ബിംബപ്രതീകങ്ങളും ആഖ്യാനവും** **1-6**

1.1 ബിംബങ്ങൾ

1.2 പ്രതീകാത്മകത

**1.**2.1 വർണപ്രതീകാത്മകത

1.2.2 കഥാപാത്രപ്രതീകാത്മകത

1.2.3 മതപ്രതീകാത്മകത

1.2.4 പ്രകൃതിപ്രതീകാത്മകത

1.2.5 മൃഗപ്രതീകാത്മകത

1.2.6 വസ്തുപ്രതീകാത്മകത

1.3 ബിംബപ്രതീകകല്പനയും മന:ശാസ്ത്രവും

**അധ്യായം രണ്ട്**

**‘വിലായത്ത് ബുദ്ധ’: ആഖ്യാനവും ഐന്ദ്രിയാനുഭവങ്ങളും 7-19**

2.1 വിലായത്ത് ബുദ്ധ

2.1.1 ദൃശ്യ - ഗന്ധബിംബങ്ങൾ

2.1.2 ശാസ്ത്രീയാവബോധം

2.2 പ്രതീകാത്മകത

**അധ്യായം മൂന്ന്**

**സ്വത്വവും അപരവും‘വിലായത്ത് ബുദ്ധ’യിൽ 20-32**

3.1 ഭാസ്ക്കരൻ മാഷ് / തൂവെള്ള ഭാസ്ക്കരൻ

3.2 മോഹനൻ / ഡബിൾ മോഹനൻ

3.3 അനി

3.4 ചൈതന്യം

**ഉപസംഹാരം 33-34**

**ഗ്രന്ഥസൂചി 35-36**

# ആമുഖം

# ആമുഖം

അനുവാചകനിൽ അനുഭൂതി ഉളവാക്കുക എന്ന ലക്ഷ്യത്തോടെ കൃതിയിലെ അർത്ഥത്തെ വാക്കുകളിലുപരിയായി ബിംബകൽപ്പനകളിലൂടെ സ്വയം പൂർണ്ണമാക്കുന്നവയാണ് ഇമേജുകൾ. വാക്കുകളുടെ മിതമായ അവതരണത്തിലൂടെ മൂർത്തമായ അർത്ഥത്തെ ഇവ പ്രതിനിധാനം ചെയ്യുന്നു. കൃതിയിൽ ബിംബകല്പനകൾ സൃഷ്ടിക്കുന്നത് തികച്ചും വൈയക്തികമാണ്. അവയ്ക്ക് നിയതമായ ഒറ്റഅർത്ഥം മാത്രമല്ല നിഷ്പന്നമായിട്ടുള്ളത്. സ്ഥലകാല സന്ദർഭങ്ങൾക്കനുസൃതമായി അർഥത്തിനും വ്യതിയാനം സംഭവിക്കുന്നു. ദൃഷ്ടി ഗോചരമായ അനുഭവവേദ്യമായ ബിംബങ്ങൾ കൃതിയെ കൂടുതൽ സർഗാത്മകമാക്കുന്നു.

കവിതകളിലാണ് ബിംബങ്ങൾ കൂടുതലായി കാണപ്പെടുന്നത്. കഥകളിലും നോവലുകളിലും വിരളമല്ല ഇന്ദ്രിയ ഗോചരമായ ഓർമ്മയുടെ പുനരാവിഷ്കാരമായാണ് മനഃശാസ്ത്രത്തിൽ ബിംബകല്പനകൾ കടന്നുവരുന്നത്. അവ ഉപബോധമനസ്സിൽ ആണ്ടുകിടക്കുന്ന അനുഭവങ്ങളെയും വാസനകളെയും ബോധമനസ്സിലേക്ക് കൊണ്ടുവന്ന് അനുഭൂതമാക്കുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ കൃതിയിൽ കടന്നുവരുന്ന ബിംബകല്പനകളെ അവയുടെ വിന്യാസത്തിന്റെ അടിസ്ഥാനത്തിൽ അപഗ്രഥിച്ചു പഠിക്കുകയാണ് ഐന്ദ്രിയാനുഭവങ്ങളുടെ ആഖ്യാനം: 'വിലായത്ത് ബുദ്ധ' എന്ന നോവലിനെ ആസ്പദമാക്കിയുള്ള പഠനം എന്ന പ്രബന്ധം.

ആഖ്യാനവൈവിധ്യം കൊണ്ട് മലയാളസാഹിത്യത്തിൽ വേറിട്ട് നിൽക്കുന്ന എഴുത്തുകാരനാണ് ജി. ആർ ഇന്ദുഗോപൻ. അദ്ദേഹത്തിന്റെ ജനപ്രിയമായ നോവലാണ് 'വിലായത്ത് ബുദ്ധ'. സിനിമാറ്റിക് സങ്കേതം ഉപയോഗിച്ചുള്ള ആഖ്യാനമാണ് നോവലിനെ വേറിട്ടു നിർത്തുന്നത്. സെൻ ബുദ്ധിസവും ബിംബകല്പനകളും പാരിസ്ഥിതികാവബോധവുമെല്ലാം ഗഹനമായ ഉൾക്കാഴ്ച നോവലിന് നൽകുന്നുണ്ട്. സമൂഹം കല്പിച്ചുവച്ചിരിക്കുന്ന പുരുഷ കേന്ദ്രീകൃത ലിംഗകേന്ദ്രീകൃത വ്യവസ്ഥിതികളെ അപനിർമ്മിക്കുന്ന കഥാപാത്രങ്ങളാണ് 'വിലായത്ത് ബുദ്ധ'യിലേത്.

## പഠനലക്ഷ്യം

ബിംബകല്പനകളുടെ ആവിഷ്കാരങ്ങളിലൂടെയും മനഃശാസ്ത്ര വിശകലനങ്ങളിലൂടെയും മനുഷ്യസ്വഭാവ ചരിത്രത്തെയും അതിജീവന ശ്രമങ്ങളെയും വിശകലനവിധേയമാക്കുകയാണ് ഈ പ്രബന്ധം.

## പഠനത്തിന്റെ പ്രസക്തി

ആത്മീയതയ്ക്ക് പല തരം മാനങ്ങൾ കല്പിക്കുന്ന സമകാലികാന്തരീക്ഷത്തിൽ തത്വദർശനത്തിന്റെ പിൻബലത്തോടെ രാഷ്ട്രീയ, സാമൂഹിക, ദാർശനിക കാഴ്ചപ്പാടുകൾ വ്യക്തമാക്കാനാണ് ജി.ആർ ഇന്ദുഗോപൻ 'വിലായത്ത് ബുദ്ധ' എന്ന നോവലിലൂടെ ശ്രമിക്കുന്നത്. മനുഷ്യസ്വഭാവത്തിന്റെ വ്യതിരിക്തതയും നിസ്സാരതയും ഈ നോവൽ വെളിപ്പെടുത്തുന്നുണ്ട്. ഇന്ദുഗോപന്റെ നോവലുകളെ കേന്ദ്രീകരിച്ചുള്ള സമഗ്രമായപഠനം നടന്നിട്ടില്ല എന്നത് ഈ പഠനത്തിന്റെ പ്രസക്തി വർധിപ്പിക്കുന്നു.

## പരികല്പന

ഐന്ദ്രിയാനുഭവങ്ങളുടെ ആഖ്യാനം 'വിലായത്ത് ബുദ്ധ'എന്ന നോവലിനെ അടിസ്ഥാനമാക്കിയുള്ള പഠനം എന്ന പ്രബന്ധത്തിൽ ബിംബപ്രതീകകല്പനകളിലൂടെ മനുഷ്യസ്വഭാവത്തിന്റെ വ്യതിരിക്തതകൾ അടയാളപ്പെടുത്തുന്നു എന്നതാണ് ഈ പഠനത്തിന് ആധാരമായുള്ള പരികല്പന.

## പഠനമേഖല

ഐന്ദ്രിയാനുഭവങ്ങളുടെ ആഖ്യാനം 'വിലായത്ത് ബുദ്ധ'എന്ന നോവലിനെ ആസ്പദമാക്കിയുള്ള പഠനം എന്ന പ്രബന്ധത്തിൽ ബിംബപ്രതീകകല്പനകളെക്കുറിച്ചും, ബിംബങ്ങളുടെ മനഃശാസ്ത്രപരമായ അർത്ഥങ്ങളെക്കുറിച്ചും, മനുഷ്യന്റെ ദ്വന്ദ്വസ്വഭാവങ്ങളെക്കുറിച്ചും വിശകലനം ചെയ്യുന്നു.

## പഠനരീതി

സാഹിത്യത്തിലെ ബിംബകല്പനകളുടെവിവിധ തരം ആഖ്യാനങ്ങളെയും മനഃശാസ്ത്രത്തിലെ വ്യക്തിസത്ത, ദ്വന്ദ്വഭാവങ്ങൾ എന്നീ സങ്കേതങ്ങൾ ഉപയോഗിച്ചും മനുഷ്യസ്വഭാവത്തിലെ വ്യതിരിക്തതയെ പരിശോധിക്കുകയാണ് ഈ പഠനത്തിന്റെ രീതി.

## പ്രബന്ധസ്വരൂപം

ആമുഖവും ഉപസംഹാരവും കൂടാതെമൂന്ന് അധ്യായങ്ങളാണ് പ്രബന്ധത്തിലുള്ളത്.ഒന്നാം അധ്യായം ബിംബവും ആഖ്യാനവും എന്നതാണ്. വ്യത്യസ്ത

ബിംബപ്രതീകങ്ങളെയും ബിംബപ്രതീകകല്പനകൾക്ക് മനഃശാസ്ത്രത്തിലുള്ള പ്രാധാന്യവും ഈ അധ്യായത്തിൽവിശകലനവിധേയമാക്കുന്നു.

രണ്ടാം അധ്യായം 'വിലായത്ത് ബുദ്ധ': ആഖ്യാനവും ഐന്ദ്രിയാനുഭവങ്ങളും എന്നതാണ്. ഇന്ദുഗോപന്റെ കൃതികളിലെ ബിംബപ്രതീകവത്കരണവും 'വിലായത്ത് ബുദ്ധ' എന്ന നോവലിലെ ആഖ്യാനവും ആഴത്തിൽ പഠിക്കാനാണ് ശ്രമിച്ചിരിക്കുന്നത്. 'വിലായത്ത് ബുദ്ധ' എന്ന നോവലിന്റെ പ്രമേയവും ആഖ്യാനരീതിയും ഈ അധ്യായത്തിൽ ചർച്ച ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്.

മൂന്നാം അധ്യായം സ്വത്വവും അപരവും'വിലായത്ത് ബുദ്ധ'യിൽ എന്നതാണ്.'വിലായത്ത് ബുദ്ധ'നോവലിലെ കഥാപാത്ര ആവിഷ്കാരങ്ങളെക്കുറിച്ചും അവയിൽ അന്തർലീനമായ ദ്വന്ദ്വഭാവങ്ങളെക്കുറിച്ചും ഈ അധ്യായം ചർച്ച ചെയ്യുന്നു. മനുഷ്യസ്വഭാവത്തിന്റെ നിർവൈയക്തികതയും വ്യതിരിക്തതയും വിശകലനം ചെയ്യുന്നു. അതിജീവനവും സാമൂഹികാബോധമനസും വ്യക്തികളെ രൂപപ്പെടുത്തുന്നതിൽ വഹിക്കുന്ന പങ്കും ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നു.

# അധ്യായം ഒന്ന്

# ബിംബപ്രതീകങ്ങളും ആഖ്യാനവും

# അധ്യായം ഒന്ന്

# ബിംബപ്രതീകങ്ങളും ആഖ്യാനവും

ഇമേജ് എന്ന ഇംഗ്ലീഷിലെ സാങ്കേതിക സംജ്ഞയ്ക്കു പകരമാണ് ബിംബം എന്ന പദം ഉപയോഗിക്കുന്നത്. ഒരു വസ്തുവിന്റെ ബാഹ്യരൂപത്തിന്റെ കൃത്രിമമായ അനുകരണം എന്ന് നിഘണ്ടു ഇമേജ് എന്ന പദത്തെ വിവരിക്കുന്നു. ഇമേജ് എന്ന പദം IMAGO എന്ന ലാറ്റിൻ പദത്തിൽ നിന്നും ഉരുത്തിരിഞ്ഞതാണ് . സാദൃശ്യം എന്നാണ് ഇതിന്റെ അർത്ഥം.

അദൃശ്യമായതിനെ ദൃശ്യമാക്കുകയാണ് ബിംബകൽപനകൾ. ഇന്ദ്രിയാനുഭവങ്ങളെ ഉണർത്തുന്നതെന്തും ബിംബങ്ങൾ തന്നെയാണ്. ഇന്ദ്രിയഗോചരമായ ഗുണങ്ങൾ, വസ്തുതകൾ, ഭ്രമാത്മകല്പനകൾ, രൂപങ്ങൾ എന്നിവ ബിംബങ്ങളിൽ ഉൾപ്പെടുന്നതോടൊപ്പം തന്നെ സ്പർശം, ഗന്ധം, രുചി, ചലനാത്മകം എന്നിവയും ബിംബങ്ങളിൽ സ്ഥാനം പിടിക്കുന്നു.

ബിംബങ്ങൾ സാഹിത്യത്തിലും കാവ്യത്തിലും ഉപയോഗിക്കുന്ന ഒരു ശക്തമായ ഉപായമാണ് . വായനക്കാരന്റെ മനസ്സിൽ അവയുടെ സഹായത്തോടെ ദൃശ്യങ്ങൾ, അനുഭവങ്ങൾ, ശബ്ദങ്ങൾ, ഗന്ധങ്ങൾ, വർണ്ണങ്ങൾ എന്നിവ ഉണർത്തപ്പെടുന്നു. ഇതിലൂടെ കാവ്യത്തിനും എഴുത്തിനും യാഥാർത്ഥ്യമായ ദൃശ്യങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുന്നു.

### 1.1. ബിംബങ്ങൾ

അച്ചടിച്ചിരിക്കുന്ന ഒരു വാക്കുമായി ബന്ധപ്പെടുന്ന ഇന്ദ്രിയ അനുഭവത്തെ ആശ്രയിക്കുന്നതും അതിൽ നിന്ന് മാറ്റമില്ലാതെ നിലനിൽക്കുന്നതുമായ ബിംബങ്ങളെ 'ഗന്ധബിംബങ്ങൾ' എന്ന് റിച്ചാർഡ് വിളിക്കുന്നു. ശ്രാവ്യബിംബങ്ങൾ, ശബ്ദവ്യഞ്ജക ബിംബങ്ങൾ എന്നും രണ്ട് വിഭാഗമായി തിരിക്കുന്നു .ഇവയെല്ലാം വാചികബിംബങ്ങളാകുന്നു. ഒരു കവിത ഒന്നിലധികം തവണ വായിക്കുന്ന ഒരാൾക്ക് ഓരോ തവണയും വ്യത്യസ്തമായ ബിംബാനുഭവങ്ങൾ ഉണ്ടാകാം. ഒരു കവിത ഒരു വായനക്കാരന്റെ മനസ്സിൽ ഉണ്ടാക്കുന്ന ബിംബങ്ങളായിരിക്കില്ല അതേ കവിത മറ്റൊരു വായനക്കാരനിൽ ഉണ്ടാക്കുന്നത് . ഈ രീതിയിൽ സൃഷ്ടിക്കപ്പെടുന്ന വൈവിധ്യമാർന്ന ബിംബങ്ങളെ 'സ്വതന്ത്രബിംബങ്ങൾ' എന്ന് വിളിക്കുന്നു.

എഴുത്തുകാരന്റെ ഭാവനയിലുള്ള ഒരു ചിത്രമാണ് ഇമേജ് അഥവാ ബിംബം. കൃതിയിൽ ഇതു പ്രത്യക്ഷപ്പെടുന്നത് വാങ്മയ ചിത്രമായിട്ടാണ്. ബിംബങ്ങൾ അനോന്യസംയോഗത്തിലൂടെ ജീവിതത്തിന്റെ അടിയൊഴുക്കുകളെ അനുഭവഭേദ്യമാക്കുന്നു. ബിംബങ്ങളിലൂടെ ഉരുത്തിരിഞ്ഞു വരുന്ന ഉപമാനങ്ങളും സൂചിതകഥകളും ഒരോ ആശയ മേഖലകളെയോ, വികാരത്തെയോ ധ്വനിപ്പിക്കുന്നു. പെട്ടെന്ന് സംവേദനം സാധികുവാനുള്ള ഒരുപാധിയാണ് ബിംബം . മാത്രമല്ല കേൾക്കുന്നവന്റെയുള്ളിൽ മറക്കാനാവാത്ത ഒരു ചിത്രം വരച്ചിടാനും കഴിയുന്നു. അങ്ങനെ ബിംബം എന്ന വാക്കിനു ശക്തമത്തായ ധ്വനി എന്ന അർത്ഥം വന്നു ചേർന്നു. പുതുമ, ഉത്തേജനക്ഷമത,സാന്ദ്രത, സുവ്യക്തത എന്നിവയാണ് ബിംബങ്ങളുടെ സവിശേഷതകൾ.

'"ആഹിതവികാരമായ വാങ്മയ ചിത്രം(Word -picture charged withemotion or passion) എന്നാണ് ബിംബത്തിന്റെ നിർവചനം. സി.ഡേലിവിസ് എന്നആധുനിക ഇംഗ്ലീഷ് നിരൂപകൻ ബിംബത്തെ നിർവചിച്ചിരിക്കുന്നത്. 'ബാഹ്യവസ്തുവിലുള്ള സത്യത്തെ കൃത്യമായി നമ്മുടെയുള്ളിൽ പ്രതിഫലിപ്പിക്കുക എന്നതിൽക്കവിഞ്ഞ് നമ്മുടെ ഭാവനയെ ഉത്തേജിപ്പിക്കാൻ പോരുന്ന ഒരു രൂപകമോ ഉപമയോ ആയിട്ടാണ്. 'എല്ലാകാവ്യബിംബവും അപ്പോൾ ആലങ്കാരികമാണ്. അപ്പോൾ പദങ്ങൾ കൊണ്ട് ഇന്ദ്രിയസംവേദ്യമായ ഒരു ചിത്രം വരയ്ക്കുന്നതാണ് കാവ്യബിംബം. വൈകാരികാനുഭൂതിയുള്ളവാകുന്ന വാങ്മയ ചിത്രമാണ് ബിംബം എന്നു പറയുമ്പോൾ, അതിനു വ്യാപ്തി വർദ്ധിച്ച ഒരർത്ഥമേഖലയാണ് ലീവിസ് നൽകുന്നത്"(പുറം7,കാവ്യബിംബം ഹിന്ദിയിലും മലയാളത്തിലും 1988). ഓരോവായനക്കാരനും അവനവന്റെ ജീവിതാനുഭവത്തിന്റെ പശ്ചാത്തലത്തിൽ അതിനെ വ്യാഖ്യാനിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുമ്പോഴാണ് സന്ദർഭത്തിനനുസരിച്ച വൈകാരിക വൈവിധ്യങ്ങൾ ബിംബത്തിനുണ്ടാവുന്നത്.

ബിംബങ്ങളെ ദൃശ്യം, സ്പർശം, ഗന്ധപരം, ശ്രവണപരം എന്നിങ്ങനെ തരം തിരിക്കാം. കൂടാതെ താപപേശീ ബിംബങ്ങൾ ഓരോവ്യക്തികളിലും വ്യത്യസ്തമായി അനുഭവപ്പെടുന്നതായും റെനെ വെല്ലക് "(പുറം46 new criticismand new critics 1990) അഭിപ്രായപ്പെടുന്നു. അഞ്ചുതരം കാവ്യബിംബങ്ങളെക്കുറിച്ചാണ് എച്ച്.ഡബ്ലിയു വെയിൽസ് തന്റെ പഠനത്തിലൂടെ പറയുന്നത്. അലങ്കാര ബിംബങ്ങൾ, ആമഗ്ന ബിംബങ്ങൾ,തീക്ഷ്ണ ബിംബങ്ങൾ, വികസ്വര ബിംബങ്ങൾ, സമൃദ്ധി ബിംബങ്ങൾ, സംഘർഷ ബിംബങ്ങൾ, പുരോഗമനാത്മക ബിംബങ്ങൾ എന്നിവയാണവ. ചില ബിംബങ്ങൾ നമ്മുടെ മനസ്സിൽ കുറച്ചുനേരം തങ്ങിനിൽക്കുകയും പിന്നീട് മാഞ്ഞുപോകുകയും ചെയ്യുന്നു. ഇവയെ ഷിഫ്റ്റിംഗ് ഇമേജുകൾ എന്ന് വിളിക്കുന്നു. ഒരു കവിതയുടെ മുഴുവനായുള്ള പ്രമേയത്തെ കാണുവാൻ സഹായിക്കുന്ന ബിംബങ്ങളെ സമഗ്ര ദർ

ശന സൂചിക ബിംബങ്ങൾ എന്ന് പറയുന്നു. എതിർബിംബങ്ങൾ ഒരു ആശയം മറ്റൊരു പ്രതലത്തിൽ വിരുദ്ധതലത്തിൽ വർത്തിക്കുന്ന ഒരു വസ്തുവിന്റെ ഓർമ്മ കളെ ഉണർത്തിയേക്കാം. ഇന്ദ്രയാനുഭവങ്ങളുടെ സമ്മിശ്രണം കവി വായനക്കാരിലേക്ക് പകർന്ന് ഒരു അവ്യക്തത സൃഷ്ടിക്കുന്നു. ഇത് ഭാവസങ്കലന ബിംബത്തിന്റെ സൗന്ദര്യപരമായ മേന്മ വർധിപ്പിക്കുന്നു. വാക്കുകളുടെ അർത്ഥത്തെ നിരാകരിച്ചു കൊണ്ട് ശൂന്യത സൃഷ്ടിക്കാനുള്ള കഴിവാണ് മൗനബിംബങ്ങൾക്കുള്ളത്. വായനക്കാർക്ക് കഥകളും കവിതകളും നോവലുകളും കൂടുതൽ അനുഭവപ്രദവും സ്വതന്ത്രവുമായ അനുഭവങ്ങളാക്കി തീർക്കുവാൻ സഹായിക്കുന്നു. ഇത് ഉജ്ജ്വലമായ ദൃശ്യാനുഭവം നൽകാൻ സഹായിക്കുന്നു. കാവ്യാത്മകശൈലിയിലുള്ള സൃഷ്ടിപരമായ രൂപങ്ങളും ദൃശ്യങ്ങളും ആഴമേറിയ അർത്ഥം നൽകുന്നു. ഈ രീതിയിൽ ബിംബങ്ങൾ സാഹിത്യത്തിന്റെ ശക്തമായ ഭാഗമായിമാറുന്നു. സ്നേഹം, ദു:ഖം, സന്തോഷം തുടങ്ങിയ മനുഷ്യാനുഭവങ്ങളെ കൂടുതൽ തീവ്രമായി ജീവസുറ്റതാക്കി മാറ്റുന്നു.

### 1.2. പ്രതീകാത്മകത

കലയിലും സാഹിത്യത്തിലും ഒരു ചിഹ്നം എന്നത് ഒരു വസ്തു, കഥാപാത്രം, പ്രതിച്ഛായ, സാഹചര്യം അല്ലെങ്കിൽ പ്രവൃത്തി പോലെയുള്ള ഒരു മൂർത്തമായ ഘടകമാണ്. അത് ആഴമേറിയതും അമൂർത്തവുമായ അർത്ഥങ്ങളെയോ, ആശയങ്ങളെയോ സൂചിപ്പിക്കുകയോ സൂചന നൽകുകയോ ചെയ്യുന്നു. കവിത, ഫിക്ഷൻ, ദൃശ്യകലകൾ എന്നിവയിൽ പലപ്പോഴും പ്രതീകാത്മകത പ്രത്യക്ഷപ്പെടുന്നു. ഉദാഹരണത്തിന് ഒരു റോസാപ്പൂവിന് സൗന്ദര്യത്തെ പ്രതീകപ്പെടുത്താൻ കഴിയും. അതേസമയം ഒരു സിംഹം പലപ്പോഴും ശക്തിയെ പ്രതിനിധീകരിക്കുന്നു. കഥപറച്ചിലിൽ പ്രതീകാത്മകതയുടെ പ്രാധാന്യം പറഞ്ഞറിയിക്കാൻ കഴിയില്ല. പ്രത്യേക വിഷയങ്ങളോ, ആശയങ്ങളോ അറിയിക്കാൻ അടയാളങ്ങൾ ഉപയോഗിക്കുന്ന ശക്തമായ ഒരു സാങ്കേതികതയാണ് പ്രതീകാത്മകത . ഇത് സങ്കീർണമായ ആശയങ്ങളെ ലളിതമാക്കുകയും ആഖ്യാനത്തിന് ആഴം നൽകുകയും ചെയ്യുന്നു. ഒരൊറ്റ ചിഹ്നത്തിന് ഒരു പ്രധാന അർത്ഥം ഉൾക്കൊള്ളാൻ കഴിയും. അത് ഒരു മുഴുവൻ പ്രമേയത്തെയോ, ആശയത്തെയോ പ്രതിനിധീകരിക്കുന്നു. കഥാസന്ദർഭത്തിനും കഥാപാത്രങ്ങൾക്കും അനുസൃതമായി ഇത് വികസിക്കുന്നു. പ്രധാന പ്രമേയത്തെ ശക്തിപ്പെടുത്തുന്നു. ഈ സൃഷ്ടിപരമായ സമീപനം ഒന്നിലധികം സ്ഥലങ്ങളിലുള്ള ആസ്വാദകരെഇടപെടുത്തുകയും ആഴത്തിലുള്ള ആശയങ്ങളുമായി പ്രതിധ്വനിക്കുകയും ചെയ്യുന്നു.

പ്രതീകാത്മകത ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു കഥയെകേവല പുരോഗതിയിൽ നിന്ന് ജീവിതത്തിന്റെ സങ്കീർണതകളുടെയും വൈരുധ്യങ്ങളുടെയും ആഴത്തിലുള്ള പര്യവേഷണത്തിലേക്ക് ഉയർത്താൻ കഴിയും. ഉപരിതല ആഖ്യാനത്തിന് താഴെയുള്ള അർത്ഥത്തിന്റെ പാളികൾ അനാവരണം ചെയ്യുന്നതിലൂടെ അത് വായ

നക്കാരയെും കാഴ്ചക്കാരെയും  കൂടുതൽ ആഴത്തിൽ ഇടപെഴുകാൻ ക്ഷണിക്കുന്നു.

### 1.2.1 വർണ പ്രതീകാത്മകത

ഒരു ആഖ്യാനത്തിൽ ആദ്യാവസാനം വരെ അമൂർത്തമായ ആശയങ്ങളെ പ്രതിനിധീകരിക്കാൻ നിറങ്ങൾ ഉപയോഗിക്കുന്നതിനെയാണ് വർണ്ണപ്രതീകാത്മകത എന്ന് പറയുന്നത് . നിറങ്ങൾക്ക് പലപ്പോഴും വൈകാരികമോ സാംസ്കാരികമോ ആയിട്ടുള്ള അർത്ഥങ്ങൾ നൽകാൻ സാധിക്കുന്നു . അതുകൊണ്ടുതന്നെ ശക്തമായ ഒരു ഉപകരണമായി വർണ്ണപ്രതീകം കഥപറച്ചിലിൽ മാറുന്നു.നിറങ്ങളുടെ പ്രതീകാത്മകത സാർവത്രികമായി ആകർഷകമാണ്. നിറങ്ങൾ ഒരു ആഗോള ഭാഷയായി വർത്തിക്കുന്നതിനാൽ, സാംസ്കാരിക പശ്ചാത്തലം പരിഗണിക്കാതെ എല്ലാവർക്കും അവ മനസ്സിലാക്കാൻ കഴിയും. വികാരങ്ങൾ ഉണർത്താനും, മാനസികാവസ്ഥകൾ സജ്ജമാക്കാനും, ഒരു കഥാപാത്രത്തിന്റെ ആന്തരിക അവസ്ഥയെ പ്രതിഫലിപ്പിക്കാനും വർണ്ണ സിദ്ധാന്തം ഉപയോഗിക്കുന്നു. കൂടാതെ നിറങ്ങൾക്ക് അവ ഉപയോഗിക്കുന്ന സന്ദർഭത്തെ അടിസ്ഥാനമാക്കി നിർദ്ദിഷ്ട ആശയങ്ങൾ കൈമാറാനും കഴിയും.

വർണ്ണപ്രതീകാത്മകത ശരിയായി ഉപയോഗിക്കുമ്പോൾ ആഖ്യാനത്തിലെ വെറും അലങ്കാരങ്ങൾക്കും അതീതമായി അവ നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ ഇത് ശക്തമായ ആശയവിനിമയമായി മാറുന്നു. സങ്കീർണതയുടെ പാളികൾ ചേർന്ന് ആഖ്യാനത്തിന്റെ ആഴം വർദ്ധിപ്പിക്കുകയും കഥയിലെ കണ്ണികൾ തമ്മിലുള്ള ബന്ധങ്ങൾ വ്യക്തമാകുകയും ചെയ്യുന്നു.

### 1.2.2 കഥാപാത്ര പ്രതീകാത്മകത

കഥാപാത്രത്തിന്റെ പ്രതീകാത്മകതയാണ് മറ്റൊന്ന്. സ്വഭാവ സവിശേഷതകൾക്കും കഥയിലെ വളർച്ചയ്ക്കും ചിഹ്നങ്ങൾ ഉപയോഗിക്കുന്നു. ഈ ചിഹ്നങ്ങൾ കഥാപാത്രത്തിന്റെ സത്തയും അവരുടെ യാത്രയിലെ പ്രത്യേകതകളും കാണിക്കുന്ന വസ്തുക്കളായിരിക്കും. പ്രതീകാത്മകത ഉപയോഗിച്ച് രചയിതാക്കൾക്കും ചലച്ചിത്ര പ്രവർത്തകർക്കും കഥാപാത്രങ്ങളുടെ ചിത്രീകരണം സമ്പന്നമാക്കാനും സങ്കീർണമായ വികാസം സൂക്ഷ്മമായി പരിശോധിക്കാനും സാധിക്കുന്നു.

### 1.2.3 മതപരമായ പ്രതീകാത്മകത

എഴുത്തുകാർ തങ്ങളുടെ കഥകളിൽ ആഴമുള്ള ആത്മീയ പ്രാധാന്യം ഉൾപ്പെടുത്താൻ മതപരമായ ആശയങ്ങൾ, വിശ്വാസങ്ങൾ, അല്ലെങ്കിൽ ആചാരങ്ങൾ പ്രതിനിധീകരിക്കുന്ന ചിഹ്നങ്ങൾ എന്നിവ ഉപയോഗിക്കുന്നു. ഇതിലൂടെ, കഥാസന്ദർഭത്തിൽ മതപ

രമായ വിഷയങ്ങളെക്കുറിച്ച് വായനക്കാർക്ക് കൂടുതൽവ്യക്തമായ ധാരണ ലഭിക്കുന്നു.

മതപരമായ പ്രതീകാത്മകത വെറും സങ്കീർണതയുടെ പാളിയല്ല ഇത് ആത്മീയത, വിശ്വാസം, ധാർമികത എന്നിവയെക്കുറിച്ച് ഒരു സംഭാഷണത്തിലേക്ക് വായനക്കാരെ ക്ഷണിക്കുന്ന മാർഗമാണ്. ഈ ചിഹ്നങ്ങൾ, ആഖ്യാനത്തിന്റ ഭൗതികലോകവും ആത്മീയ ആശയങ്ങളുടെ അമൂർത്തമായ ലോകവും തമ്മിൽ ഒരു പാലമായി പ്രവർത്തിക്കുന്നു. കൂടാതെ എഴുത്തിലെ ആഖ്യാനങ്ങളെ മെച്ചപ്പെടുത്തുവാനും, സഹൃദയർക്ക് ആത്മീയ-ധാർമ്മികബോധം നൽകുവാനും പര്യവേഷണം ചെയ്യുവാനും സഹായിക്കുന്നു.

### 1.2.4 പ്രകൃതിപ്രതീകാത്മകത

പ്രകൃതി പ്രതീകാത്മകത ഒരു ആഖ്യാനത്തിൽ ആഴമേറിയ അർത്ഥങ്ങൾ, ആശയങ്ങൾ അല്ലെങ്കിൽ വികാരങ്ങൾ പ്രതിനിധീകരിക്കാൻ പ്രകൃതിഘടകങ്ങളെ ഉപയോഗിക്കുന്നു. മരങ്ങൾ, നദികൾ, മൃഗങ്ങൾ എന്നിങ്ങനെ പ്രകൃതിയുടെ ബിംബങ്ങൾ ഉപയോഗിച്ച് മനുഷ്യന്റെ സങ്കീർണമായ അനുഭവങ്ങളും വികാരങ്ങളും പ്രതീകപ്പെടുത്തുന്ന സാഹിത്യ സാങ്കേതികതയാകുന്നു ഇത്.

### 1.2.5മൃഗപ്രതീകാത്മകത

മൃഗങ്ങളുടെ പ്രതീകാത്മകത  വിവിധ മാധ്യമങ്ങളിൽ ആഴത്തിലുള്ള അർത്ഥങ്ങൾ അറിയിക്കാൻ, വികാരങ്ങൾ ഉണർത്താൻ, വിഷയങ്ങൾ പര്യവേഷണം ചെയ്യാൻ ഉപയോഗിക്കുന്നു. വൈവിധ്യമാർന്ന രൂപത്തിൽ അല്ലെങ്കിൽ മൃഗങ്ങൾ വിശാലമായ ആശയങ്ങൾ പ്രതിനിധീകരിക്കുന്ന ശക്ത്മായ പ്രതീകങ്ങളായി പ്രവർത്തിക്കുന്നു. പന്നികൾ  മറ്റുള്ളവരെ സ്വന്തം നേട്ടത്തിനായി ചൂഷണം ചെയ്യുന്ന ഭരണവർഗത്തെ പ്രതിനിധീകരിക്കുന്നു. അതേ സമയം കുതിരയെ കഠിനാധ്വാനിയായ ചൂഷിതരാകുന്ന തൊഴിലാളി വർഗത്തെപ്രതീകപ്പെടുത്തുന്നു.

### 1.2.6 വസ്തുപ്രതീകാത്മകത

സാഹിത്യം, സിനിമ, നാടകം, തുടങ്ങിയ വിവിധ കലകൾ കഥ പറച്ചിലിന് ശക്തമായ ഉപകരണങ്ങളാണ്. ദൈനംദിന വസ്തുക്കൾക്ക് പ്രതീകാത്മ അർത്ഥങ്ങൾ വഹിക്കാൻ കഴിയും.അവ ആഖ്യാനങ്ങൾക്ക് ആഴവും സമ്പന്നതയും നൽകുന്നു. സങ്കീർണമായ ആശയങ്ങൾ, വികാരങ്ങൾ, പ്രമേയങ്ങൾ എന്നിവ വസ്തുക്കളിലൂടെ എങ്ങനെ അവതരിപ്പിക്കുന്നു എന്നത് കൗതുകകരമാണ്. ഇത് കഥകളെ കൂടുതൽ  ആകർഷകമാക്കുന്നു.'ബ്യൂട്ടി ആൻഡ് ദി ബീസ്റ്റ്" എന്ന സിനിമയിൽ പ്രണയത്തെയും ആന്ത

രിക സൗന്ദര്യത്തെയും പ്രതിനിധീകരിക്കുന്ന ഒരു ഐകോണിക്ക് റോസാപൂവുണ്ട്. ഇത് ഒരു ഉദാഹരണമാണ്. പ്രതീകാത്മകതയക്ക് കഥാപാത്ര ചോദനകളെ എങ്ങനെ ഉയർത്തിക്കാട്ടാമെന്നും ഈ ഉദാഹരണങ്ങൾ വ്യക്തമാക്കുന്നു.

സാഹിത്യത്തിൽ ഉപയോഗിക്കുന്ന ഈ ബിംബപ്രതീകാത്മകതയ്ക്ക് സാമ്യങ്ങളും വ്യത്യാസങ്ങളുമുണ്ട്. രണ്ടും ആഴത്തിലുള്ള അർത്ഥം സൃഷ്ടിക്കുകയും ഇന്ദ്രിയങ്ങളെ ആകർഷിക്കുകയും ചെയ്യുന്നു. എഴുത്തുകാർ പ്രധാന പ്രമേയങ്ങളും സന്ദേശങ്ങളും ശക്തിപ്പെടുത്താൻ ആവർത്തിച്ച് ബിംബങ്ങളും ചിഹ്നങ്ങളും ഉപയോഗിക്കുന്നു. ബിംബം ഒരു കാവ്യശൈലിയാണ്. സാഹിത്യമേഖലകളിൽ വാക്കുകളിലൂടെ വായനക്കാരന്റെ മനസ്സിൽ ദൃശ്യങ്ങൾ സൃഷ്ടിക്കുന്നു. എന്നാൽ പ്രതീകം ഒരു വസ്തുവഴി മറ്റൊരു അർത്ഥത്തെ സൂചിപ്പിക്കുന്നു . നേരിട്ട് പറയാതെ ആശയങ്ങൾ പ്രതിനിധീകരിക്കാനായി ഇവ ഉപയോഗിക്കുകയാണ് ചെയ്യുന്നത്.

### 1.3 ബിംബപ്രതീകകല്പനയും മനഃശാസ്ത്രവും

മനഃശാസ്ത്രത്തിൽ ബിംബം എന്നത് ഇന്ദ്രിയഗോചരമോ, ധാരണാവേദ്യമോ ആയ ഓർമ്മയുടെ പുനരാവിഷ്കരണമാണ്. ഇത് ദൃശ്യം മാത്രമല്ല, ഉപബോധമനസ്സിൽ ആണ്ടു കിടക്കുന്ന അനുഭവങ്ങളും, വാസനകളും ബോധമനസ്സിലേക്ക് ഉയർന്നുവരികയും ബിംബങ്ങളിലൂടെ അവ അനുഭൂതമാക്കുകയും ചെയ്യുന്നു. ഈ അനുഭവങ്ങളെ നവീകരിച്ച് പുനഃസൃഷ്ടിക്കുകയാണ് എഴുത്തുകാരൻ ചെയ്യുന്നത്.

ഒരു വസ്തുവിനെ മറ്റൊന്നു കൊണ്ട് പ്രതിനിധാനം ചെയ്യുന്ന പ്രക്രിയയുടെ പ്രതിഫലനമാണ് പ്രതീകങ്ങൾ .ആവിഷ്കാരത്തിനുള്ള ജന്മസഹജമായ അബോധമനസിന്റെ ആഗ്രഹം മാനസികമായ അടിച്ചമർത്തലുമായി നിരന്തരം മത്സരത്തിൽ ഏർപ്പെടുന്നു. വിരുദ്ധമായ ശക്തികളുടെ മത്സരഫലമായി സാമൂഹികമായി അംഗീകാരമില്ലാത്ത ആഗ്രഹപൂർത്തീകരണത്തിനായുള്ള ശക്തമായ പ്രേരണകളെ പ്രതീകാത്മകമായി കൂടുതൽ അനുവദനീയമായ മറ്റൊരു രീതികളിൽ ആവിഷ്കരിക്കുന്നു. അപ്രകാരം പ്രതീകാത്മകത എന്നത് പരസ്പരം പോരടിക്കുന്ന രണ്ടോ അതിലധികമോ മാനസിക പ്രേരണകളുടെ അനുരഞ്ജനമായി വരുന്നു.

## അധ്യായം രണ്ട്

## 'വിലായത്ത് ബുദ്ധ': ആഖ്യാനവും ഐന്ദ്രിയാനുഭവങ്ങളും

## അധ്യായം രണ്ട്

## 'വിലായത്ത് ബുദ്ധ': ആഖ്യാനവും ഐന്ദ്രിയാനുഭവങ്ങളും

മാന്ത്രികമായ കൈയടക്കത്തോടെ വായനക്കാരെ അതീന്ദ്രിയമായ മറ്റൊരു തല ത്തിലേക്ക് മാറ്റി പ്രതിഷ്ഠിക്കുന്ന മലയാളത്തിലെ രചയിതാവായി ജി.ആർ. ഇന്ദു ഗോപൻ മാറുന്നു. അദ്ദേഹത്തിന്റെ സാഹിത്യത്തിൽ ശാസ്ത്രത്തിന്റെയും, യുക്തി യുടെയും ഭാഷ ഭാവനാത്മക സങ്കല്പങ്ങൾക്കൊപ്പം ഫലപ്രദമായി ഉപയോഗിക്കുന്നു. മനുഷ്യജീവിതത്തിൽ സംഭവിക്കുന്ന മാറ്റങ്ങളെ അദ്ദേഹം ആഴത്തിൽ വിശകലനം ചെയ്യുന്നു. കഥകൾ, നോവലുകൾ, വ്യക്തിപരമായ ആഖ്യാനങ്ങൾ, പത്രലേഖനങ്ങൾ എന്നിവയുൾപ്പെടെ വിവിധ ഗദ്യരൂപങ്ങളിൽ അദ്ദേഹത്തിന്റെ കൃതികൾ വ്യാപിച്ചിരി ക്കുന്നു.

'ഭൂമിശ്മശാനം', 'മുതലലായനി','ഐസ്", 'വെള്ളിമൂങ്ങ', 'കൊടിയടയാളം','മണ ൽ ജീവികൾ','കാളിഗന്ധി', 'നാലഞ്ചു ചെറുപ്പക്കാർ' എന്നിവ അദ്ദേഹത്തിന്റെ നോവലുകളും. 'കൊലപ്പാട്ടിദയ',' ഇരുട്ടുപത്രാധിപർ', 'അജയന്റെ അമ്മയെ കൊന്നതാര്", 'പ്രേത വേട്ടക്കാരൻ' എന്നിവ പ്രധാന കഥകളും. 'വാട്ടർ ബോഡി വെള്ളം കൊണ്ടൊരു ആത്മകഥ', 'വാസന' എന്നിവ ആത്മകഥയും. 'ഒരു കുട്ടി യും കുട്ടിച്ചാത്തനും', 'ദി ലാസ്റ്റ് ഭൂതം','പേപ്പർ റോക്കറ്റ്" എന്നിവ യാത്രാവിവരണ വും. 'ചിതറിയവർ', 'ഒറ്റക്കൈയ്യൻ', 'വൂൾഫ്",'ഒരു തെക്കൻ തല്ലു കേസ്", 'വില്ലൻ' എന്നിവ അദ്ദേഹം തിരക്കഥ എഴുതിയ സിനിമകളുമാണ്.

'ഭൂമി ശ്മശാനത്തിൽ' ശിവന്റെ ജീവിതം തന്റെ പ്രിയപ്പെട്ട കുഞ്ഞിനെ ദഹിപ്പിക്കാ നുള്ള പോരാട്ടത്തെ ചുറ്റിപ്പറ്റിയാണ്. ശിവൻ, കൃഷ്ണൻ, രാവണനുണ്ണി എന്നിവ രുടെ ദാർശനിക അന്വേഷണങ്ങൾ ആഴത്തിലുള്ള ചിന്തകൾ പര്യവേഷണം ചെയ്യുമ്പോൾ സങ്കീർണവും ലളിതവുമായിത്തീരുന്നു.'-196 ഡിഗ്രിസെൽഷ്യസി'ൽ ക്രയോണിക് സാങ്കേതികവിദ്യ ഉപയോഗിച്ച് മരണാനന്തര ജീവിതത്തിലേക്ക് മടങ്ങിവ രുന്ന ആളുകളെ ഇന്ദുഗോപൻ അവതരിപ്പിക്കുന്നു. ജീവിതത്തെക്കുറിച്ചുള്ള രാവു ണ്ണിയുടെ വീക്ഷണം ഈ ആശയത്തിന് വിരുദ്ധമാണ്.

“*ആരെങ്കിലും മരിച്ചു കഴിഞ്ഞാൽ ജീവിപ്പിക്കുന്നതൊഴികെ എന്തു ചെയ്യാനും ചെയ്യിപ്പിക്കാനും എനിക്ക് താല്പര്യമാ... മരണം ഉണ്ടല്ലോ അതിനെ സ്നേഹിക്കണം അതാണ് സത്യം എല്ലാ ജീവബിന്ദുവിലും അതുണ്ട്”*(പുറം 86) ഒടുവിൽ ശവസംസ്കാരത്തിന് ഭൂമിയില്ലാത്തവർ നദികളും പർവ്വതങ്ങളും ഒത്തുചേരുന്ന പ്രകൃതിയിൽ അഭയം കണ്ടെത്തുന്നു.

കാളിയാർ നദിക്കരയിൽ താമസിക്കുന്ന ഒരു കൂട്ടം ആളുകളുടെ കഥ ‘മുതലലായനി 100 മുതൽ’ എന്ന കൃതിയിൽ. പുറം ലോകവുമായുള്ള അവരുടെ ബന്ധം രഘുവും അമീറും വഴിയുള്ള ഒരു ചെറിയ ബന്ധത്തിൽ ഒതുങ്ങുന്നു. ശാസ്ത്രവും മിത്തും ചേർന്ന് രൂപപ്പെടുത്തിയ അവരുടെ സമൂഹത്തിന്റെ ചരിത്രം യാഥാർത്ഥ്യത്തിന്റെയും ഭാവനയുടെയും മിശ്രിതമായി മാറുന്നു. ചുറ്റുമുള്ള അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകവുമായി ഈ സംഘം ഇടപഴകുന്നില്ല. “*ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും നിങ്ങൾ പത്തടി മുന്നോട്ടുവച്ചാൽ പാരമ്പര്യ വാദവും ജാതീയതയും യാഥാസ്ഥിതിക മനോഭാവവും ചേർന്ന് നിങ്ങളെ ഇരുപതടി പിന്നോക്കം വലിക്കും. നൂറിടത്തുനിന്ന് മനസ്സിനെ ചങ്ങലപൂട്ടിട്ട് കെട്ടി വലിഞ്ഞിരിക്കുന്നവർക്ക് പുതിയ ലോകത്തിൽ എന്തു സൗകര്യം കിട്ടിയിട്ടും കാര്യമില്ല*”( പുറം 40,മുതലലായനി: 2023) എന്ന് രഘു നിരീക്ഷിക്കുന്നു.

‘മണൽ ജീവികൾ’എന്ന നോവലിൽ കാണുന്നതുപോലെ ആധുനിക മുതലാളിത്തം ലാഭാധിഷ്ഠിത ചൂഷണം സൃഷ്ടിക്കുന്നു .അത് പ്രാദേശികചരിത്രത്തെയും ജനങ്ങളുടെ ജീവിതത്തെയും പരിസ്ഥിതിയെയും ബാധിക്കുന്നു. ഇത് തദ്ദേശീയ സമൂഹങ്ങളുടെ ഒന്നിലധികം തലങ്ങളിലുള്ള ഐക്യത്തെയും ചേർത്തുനിൽപ്പിനെയും ദുർബലപ്പെടുത്തുന്നു. പ്രണയവും വിവാഹവും മുതൽ ലൈംഗികത, ഗർഭധാരണം പ്രസവം വരെ സ്ത്രീയുടെ സൗന്ദര്യത്തെ തടസ്സപ്പെടുത്തുന്ന ഓരോ നിമിഷവും സാങ്കേതികവിദ്യ തീവ്രമാക്കുന്നു.

‘കൊടിയടയാളം’ എന്നത് മുകുന്ദൻ പിള്ളയെ കേന്ദ്രീകരിച്ചുള്ള ഒരു കുടുംബകഥ മാത്രമല്ല. ഉയർന്ന പ്രദേശങ്ങളിൽ നിന്ന് സമതലങ്ങളിലേക്ക് മടങ്ങിയ ഒരു തലമുറയുടെ മാനസിക സംഘർഷങ്ങളെയും, കുന്നുകളിൽ സ്ഥിരതാമസമാക്കിയത് മുതൽ അവരുടെ അനുഭവങ്ങളെ പ്രതിഫലിപ്പിക്കുന്നതിനെയും ഇത് പര്യവേഷണം ചെയ്യുന്നു. ആത്മീയതക്കുള്ളിൽ സംഭവിക്കുന്ന സൂക്ഷ്മമായ ചലനങ്ങൾ സൃഷ്ടിക്കുന്നു . മുകുന്ദൻ പിള്ളയുടെ പോരാട്ടത്തെയാണ് നോവൽ ചിത്രീകരിക്കുന്നത്. പ്രകൃ

തിയും, പ്രകൃതിയോട് ഇണങ്ങി ജീവിച്ച പുരുഷനും പറയുന്ന ശാപവാക്കുകൾ കഥാപാത്രത്തെയും സഹോദരങ്ങളേയും തകർക്കുന്നിടത്താണ് നോവൽ അവസാനിക്കുന്നത്.

ഇന്ദുഗോപന്റെ 'കാളിഗന്ധകി' മനശാസ്ത്രപരമായ പര്യവേഷണത്തിനുള്ള സാധ്യതകളെ വ്യക്തമായി കാണിക്കുന്നു. സ്വത്വമാറ്റം അനുഭവിക്കുന്ന സൂസിയിലൂടെയാണ് (സുർഉമാറാണി –കാളി) നോവൽ വികസിക്കുന്നത്. എഡ്വി, സതീശൻ, ഡോക്ടർ ജീവൻ പോറ്റി, ഉമാറാണി തുടങ്ങിയ കഥാപാത്രങ്ങൾ കഥയെമുന്നോട്ടു നയിക്കുന്നു. ഭർത്താവല്ലാത്ത വിത്ത്ദാതാവായ കവിയോടുള്ള പ്രതികരണം -196 ഡിഗ്രി സെൽഷ്യസിലെ തണുത്ത കറുപ്പിന്റെ കാഴ്ചയ്ക്ക് സമാനമാണ്.

*'ആ കുട്ടിക്കു വേണ്ടിയല്ലല്ലോ ആ നേരത്ത് നീ എന്നെ പ്രാപിച്ചത്... ഉൽപാദനത്തിനുള്ള ആ വെളുത്ത പശയാണ് എല്ലാത്തിനും പിന്നിലെങ്കിൽ അതൊക്കെ ലാബിൽ വാങ്ങാൻ കിട്ടും ചൂടോടെയും തണുപ്പിച്ചും ഒക്കെ'*(പുറം 163,-196ഡിഗ്രി സെൽഷ്യസ് ) എന്ന വരി ഇത് എടുത്തു കാണിക്കുന്നു. കേരളം, നേപ്പാൾ, ഇംഗ്ലണ്ട് എന്നിവ ഉൾപ്പെടുന്ന ഒരു ആഗോളതലം ആഖ്യാനം ചെയ്തുകൊണ്ട് തിരുവിതാംകൂർ രാജകുടുംബത്തിന്റെ ചരിത്രത്തെ പാർലമെന്റ് ജനാധിപത്യത്തിന്റെ വർത്തമാനകാലവുമായി ഈ നോവൽ ബന്ധിപ്പിക്കുന്നു.

'വെള്ളിമൂങ്ങ','ഒറ്റക്കല്ലുള്ള പ്രേതം','ബീജബാങ്കിലെ പെൺകുട്ടി' തുടങ്ങിയകൃതികളും ഇന്ദുഗോപന്റെതാണ്. അദ്ദേഹത്തിന്റെ കൃതികൾ ശാസ്ത്രത്തിന് സമാനമായ ഒരു യുക്തിസഹമായ സമീപനത്തെ പ്രതിഫലിപ്പിക്കുന്നു, പ്രത്യേകിച്ച് അദ്ദേഹത്തിന്റെ അപസർപ്പക നോവലുകളിൽ. 'രാത്രിയിലൊരു സൈകിൾവാല', 'ഡച്ചു ബംഗ്ലാവിലെ പ്രേതരഹസ്യം', 'രക്തനിറങ്ങളുള്ള ഓറഞ്ച്' എന്നിവ പ്രധാനപ്പെട്ട മറ്റു കൃതികളാണ്.

### 2.2 'വിലായത്ത് ബുദ്ധ'

'വിലായത്ത് ബുദ്ധ' എന്ന നോവൽ വിവിധ വിതാനങ്ങളിൽ വിലയിരുത്തപ്പെടേണ്ട കൃതിയാണ്. കളിമട്ടിലുള്ള ആഖ്യാനത്തിലൂടെ ആഴത്തിലുള്ള ജീവിതവിശകലനവും മനുഷ്യസ്വഭാവ ചിത്രീകരണവും സാധ്യമാക്കുന്നു. 'വിലായത്ത് ബുദ്ധ'ഒരിനം ചന്ദനമരമാണ്. സവിശേഷമായ സിദ്ധികൾ ഉള്ള ഈ ചന്ദനത്തിലാണ് ബുദ്ധ ശില്പങ്ങൾ കൊത്തിയെടുക്കുക. അതിനുവേണ്ടി അന്യരാജ്യങ്ങളിൽ എത്തിക്കാനാണ്

വിലായത്ത് ബുദ്ധ വെട്ടുന്നത് . സ്വന്തം ചിതയൊരുക്കി നാട്ടിൽ സുഗന്ധം വ്യാപിപ്പിക്കാനാണ് ഭാസ്കരൻ മാഷ് ചന്ദനം വളർത്തുന്നത് . വിലായത്ത് ബുദ്ധയെ കേന്ദ്രബിന്ദുവാക്കി മനുഷ്യസ്വഭാവത്തിന്റെ ഭിന്നതലങ്ങൾ വിശകലന വിധേയമാക്കുകയാണ് നോവലിസ്റ്റ്. ഭാസ്കരൻ മാഷിന്റെ ജീവിതത്തിൽ ഉണ്ടായ വലിയൊരു ദുരന്തമാണ് കഥയ്ക്ക് വഴിത്തിരിവുണ്ടാക്കുന്നത്. അദ്ദേഹം ഒരു വൈകുന്നേരം ചെമ്പകം എന്ന കുപ്രസിദ്ധ സ്ത്രീയുടെ വീടിനു പിന്നിലുള്ള കക്കൂസ് കുഴിയിൽ വീണു പോയി. ഇത് നാട്ടിൽ വലിയ ചർച്ചയാകുകയും തീട്ടം ഭാസ്കരൻ എന്ന പേര് അയാൾക്ക് പതിയുകയും ചെയ്തു. സുഗന്ധത്തിൽ നിന്ന് ദുർഗന്ധത്തിലേക്കുള്ള പരിണാമം ഭാസ്കരന്റെ ജീവിതം മാറ്റിമറിക്കുന്നു. ചീത്തപ്പേരു നാട്ടിൽ ആകെ പടർന്നപ്പോൾ ഭാസ്കരൻ മാഷ് ഉൾവലിയുന്നു. പൊതുപ്രവർത്തനം അവസാനിപ്പിച്ച് അയാൾ ഏകയായി വീട്ടുകാര്യങ്ങളിൽ മുഴുകി ജീവിക്കുന്നു. ഭാസ്കരൻ മാഷിന് പിന്നീട് ഒരേയൊരു ലക്ഷ്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. മുറ്റത്ത് നിൽക്കുന്ന ചന്ദനമരത്തിൽ തന്റെ ദേഹം ദഹിപ്പിച്ച് അതിന്റെ സുഗന്ധം നാട്ടിൽ വ്യാപിപ്പിക്കണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നു. ദുർഗന്ധത്തിൽ നിന്ന് സുഗന്ധത്തിലേക്ക് മാറണമെന്ന് അയാൾ കാംക്ഷിക്കുന്നു.

ഡബിൾ മോഹനന്റെ കടന്നുവരവോടെ നോവലിലെ സംഘർഷം ആരംഭിക്കുന്നു. മോഹനൻ ഭാസ്കരൻ മാഷിന്റെ ശിഷ്യനാണ്. അവൻ പഠനം നിർത്താൻ കാരണം ഭാസ്കരൻ മാഷാണ് .ഇപ്പോൾ മോഹനൻ ചന്ദന മോഷ്ടാവായ ഡബിൾ മോഹനനാണ്. സാന്റൽ മോഹനൻ എന്നും അയാൾ അറിയപ്പെടുന്നു. ഭാസ്കരന്റെ മുറ്റത്തെ വിലായത്ത് ബുദ്ധ എന്ന ചന്ദനമരം വെട്ടുക എന്നതായിരുന്നു മോഹനന്റെ ലക്ഷ്യം .ഇത് ഭാസ്കരനും മോഹനനും തമ്മിലുള്ള സംഘർഷമായി വളരുന്നു. നോവലിന്റെ ക്രിയാംശത്തെ മുന്നോട്ട് നയിക്കുന്നത് ഇവർ തമ്മിലുള്ള സംഘർഷമാണ്. അനി, ചെമ്പകം ,ചൈതന്യം, തുടങ്ങിയ കഥാപാത്രങ്ങൾ നോവലിൽ കടന്നുവരുന്നുണ്ട്. മോഹനൻ വിലായത്ത് ബുദ്ധയെക്കുറിച്ച് ഭാസ്കരൻ സാറിന് വിശദമായി പറഞ്ഞു കൊടുക്കുന്നു. ബുദ്ധവിഗ്രഹം പണിയാൻ പുറം നാട്ടിലേക്ക് അയക്കേണ്ട ചന്ദനം ചോദിച്ചു വാങ്ങാൻ മോഹനൻ ശ്രമിക്കുന്നു. ചന്ദനം സംരക്ഷിക്കാൻ ഭാസ്കരൻ മാഷ് മോഹനനെ വെടിവയ്ക്കുന്നുണ്ട്. തന്റെ മേൽ പതിച്ച കളങ്കം മരണശേഷം എങ്കിലും കഴുകിക്കളയണം എന്നാണ് അയാൾ ആഗ്രഹിക്കുന്നത് . ഒടുവിൽ ചൈതന്യം മാഷിന്റെ മകൻ അനിയുടെ സഹായത്തോടെ ചന്ദനം വെട്ടുകയും തങ്ങളുടെ കക്കൂസ് കുഴിയിൽ കൊണ്ടിടുകയും ചെയ്യുന്നു .ചന്ദനം നഷ്ടമായത് ഭാസ്കരനെ തളർത്തുന്നു എങ്കിലും സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു ശ്വസിക്കുന്നിടത്താണ് നോവൽ അവസാനിക്കുന്നത്.

ഇടുക്കിയിലെ മറയൂർ എന്ന സ്ഥലമാണ് നോവലിന്റെ പശ്ചാത്തലം. ആദ്യ അധ്യായത്തിൽ ആ പ്രദേശത്തിന്റെ പ്രകൃതി ചിത്രം വ്യക്തമായി കാണിക്കുന്നുണ്ട് . ടാർ ചെയ്യാത്ത റോഡ്, രണ്ടു മലകളെ ബന്ധിച്ചവിധം തെളിഞ്ഞു നിൽക്കുന്ന മഴവില്ല്, മൂന്നാല് ദിവസമായി നിൽക്കുന്ന മഴ, എന്നിവയെല്ലാം അന്തരീക്ഷത്തെ വ്യക്തമാക്കുന്നു. പത്തു വർഷം മുന്നേ നടന്ന ഒരു സംഭവത്തെ നോവലിന്റെ ആദ്യ ഭാഗത്ത് തന്നെ ഒരു ഫ്ളാഷ്ബാക് പോലെ പറഞ്ഞതിനുശേഷമാണ് വർത്തമാനകാലത്തിലേക്ക് വരുന്നത്.

ചന്ദനമരം എടുക്കാൻ വരുന്ന ഡബിൾ മോഹനൻ ആ മരത്തിൽ വിലായത്ത് ബുദ്ധയെ കാണുന്നു. മോഹനനിൽ നിന്നും മരത്തെ സംരക്ഷിക്കാൻ ഭാസ്കരൻ മാഷ് ആയുധമെടുക്കുന്നു. അഹിംസയുടെ പരമതത്വത്തെ ആയുധം കൊണ്ട് സംരക്ഷിക്കാൻ ശ്രമിക്കുന്ന വൈരുദ്ധ്യം ഇവിടെ ശ്രദ്ധേയമാണ്. ചന്ദനമരത്തിൽ നിന്നും വിലായത്ത് ബുദ്ധമാരെ കണ്ടെത്തുന്നത് കഥയ്ക്ക് ഒരു നിഗൂഢഭാഷ്യം നൽകുന്നുണ്ട്. ചന്ദനമരത്തിൽ ഒളിഞ്ഞിരിക്കുന്ന ബുദ്ധ ശില്പങ്ങളെ പരിപാവനതയുടെ കാപട്യത്തോടെ നമസ്കരിക്കുന്ന മോഹനൻ എന്ന കള്ളക്കടത്തുകാരൻ ലാളിത്യവും, സൗന്ദര്യവും, തത്വചിന്തയും ,നർമ്മബോധവും ഉള്ള പുതിയകാല വില്ലന്മാരുടെകൂട്ടത്തിൽ പെടുന്നു. ശുദ്ധമായഭോഗമാണ് അത്തരക്കാരുടെ ആത്മീയത. ചെമ്പകത്തിന്റെ 'നാറിയ ബാക്കിയായ'ചൈതന്യത്തിന്റെ പേരുദോഷം മാറ്റാൻ വേണ്ടി മോഹനൻ ആട്ടുമലയുടെ പേര് ചൈതന്യമല എന്ന് മാറ്റാൻ ശ്രമിക്കുന്നതും വലിയൊരു സാഹസികതയിലൂടെയാണ് . മകൻ കൊടുക്കുന്ന കഞ്ഞികുടിച്ച് വയറിളകിയ ഭാസ്കരൻ മാഷിനെ ആശുപത്രിയിൽ എത്തിക്കുന്നത് മോഹനനാണ്. ദുർഗന്ധത്തിൽ നിന്നാണ് അവൻ വാരിയെടുക്കുന്നത്. ചെമ്പകവും മകൾ ചൈതന്യവും സമൂഹത്തിന്റെ സാമ്പ്രദായിക മാന്യതയുടെ നേർക്ക് മുറുക്കിത്തുപ്പി സ്വയം വെട്ടിത്തെളിച്ച വഴിയിലൂടെവിയർത്തു ജീവിക്കുന്നവരായി വായിച്ചെടുക്കാം.

സുഗന്ധവും ദുർഗന്ധവും ഇവിടെ പ്രധാനകഥാപാത്രങ്ങളാകുന്നു. മനുഷ്യവിസർജ്യത്തിന്റെ അസഹനീയമായ ഗന്ധം ചന്ദനത്തിന്റെ സുഗന്ധത്തിലൂടെ വിടുതൽ നേടുക എന്നത് ഭാസ്കരന്റെ ജീവിതലക്ഷ്യം തന്നെയായി മാറുന്നു. സമൂഹം മലിനപ്പെടുത്തിയ ജീവിത പരിസരങ്ങളിൽ പുലരുന്ന ചെമ്പകത്തിനും മകൾ ചൈതന്യത്തിനും അവരുടെ അംഗീകൃത തൊഴിലിന്റെ സുഗന്ധമാണ് ശർക്കരപ്പാവിന്റെ മധുരഗന്ധം. ചന്ദന സുഗന്ധത്തിന് ആഭിജാത്യ പദവിക്ക് വിപരീതമായി ശർക്കരയുടെ അധ്വാനത്തിന്റെ ദ്രാവിഡ ഗന്ധമാണ് നോവൽ മുന്നോട്ട് വയ്ക്കുന്നത് . ചെമ്പകം എന്ന കഥാപാത്രം സമൂഹത്തിൽ ദുർഗന്ധത്തിൽ കിടക്കുന്നുവെങ്കിലും അവളുടെ പേരിൽസുഗന്ധമാണുള്ളത് . മഞ്ഞനിറമുള്ള മനുഷ്യവിസർജം അറപ്പുളവാക്കുന്നതും ദുർഗന്ധപൂരിതവുമാണ്. ആ മഞ്ഞനിറഞ്ഞ ജീവിതത്തെ ഭാസ്കരൻ മ

ഞ്ഞനിറമുള്ള ചന്ദനം കൊണ്ട് ദിവ്യവും സുഗന്ധവും ഉള്ളതായി മാറ്റുവാൻ ശ്രമിക്കുന്നു .മഞ്ഞ നിറത്തിന് ഇവിടെ രണ്ടു വൈരുദ്ധ്യങ്ങൾ നൽകുവാൻ കഥാകൃത്ത് ശ്രമിക്കുന്നു. ഒന്ന് സുഗന്ധം നല്കുന്ന ചന്ദനത്തിന്റെയും, മറ്റൊന്ന് മനുഷ്യ വിസർജ്യത്തിന്റെയും. തൂവെള്ള ഭാസ്കരൻ എന്ന പേര് മഞ്ഞനിറഞ്ഞ തീട്ടം ഭാസ്കരൻ എന്നാകുന്നു. ഇങ്ങനെ നിറങ്ങൾക്കും കഥയിൽ പ്രാധാന്യം ഏറെയുണ്ട്.

വിലായത്ത് ബുദ്ധയെ കണ്ട് ചന്ദന മരത്തെ സംരക്ഷിക്കാൻ ഭാസ്കരൻ തോക്കാണ് തിരഞ്ഞെടുക്കുന്നത്. അഹിംസയുടെമൂർത്തിരൂപമാകേണ്ട മരത്തിന് ഹിംസാത്മകമായ കാവൽ സാധാരണക്കാർക്ക് പ്രാബല്യമല്ലാത്ത തോക്ക് എന്ന ആയുധം, സ്കൂൾ അധ്യാപകനായ ഭാസ്കരൻ സൂക്ഷിച്ചിരിക്കുന്നു. അധ്യാപകനും തോക്കും എന്ന വൈരുദ്ധ്യവും ഇവിടെ കടന്നുവരുന്നുണ്ട്.

### 2.2.1 ദൃശ്യ - ഗന്ധബിംബങ്ങൾ

'വിലായത്ത് ബുദ്ധ' എന്ന നോവലിൽ നിറങ്ങൾക്കും ഗന്ധങ്ങൾക്കും ഒരു പാരിസ്ഥിതിക പ്രാധാന്യവും സവിശേഷതയും കാണുന്നു. വായനയിലൂടെ ആസ്വാദകന് ആ നിറങ്ങളിലൂടെ പരോക്ഷമായി സൂചിപ്പിക്കുന്ന ഭാവങ്ങളെയും അതുപോലെ ഗന്ധങ്ങളെയും ആസ്വദിക്കുവാൻ കഴിയുന്നു. മലയാളത്തിന്റെ ഒട്ടുമിക്ക എഴുത്തുകാരും സമൃദ്ധമായി ഉപയോഗിച്ചിട്ടുള്ള ഒന്നാണ് ഗന്ധങ്ങൾ അഥവാ ഗന്ധചിത്രങ്ങൾ .വിലായത്ത് ബുദ്ധ എന്ന ഈ നോവലിലും ഗന്ധചിത്രങ്ങൾ സമൃദ്ധിയായുണ്ട്.

നോവലിലെ പ്രധാന കഥാപാത്രമാണ് ചെമ്പകം. ചെമ്പകം എന്നാൽ ഏറ്റവും സുഗന്ധം നൽകുന്ന വൃക്ഷങ്ങളിൽ ഒന്നാണ്. ശക്തമായ വിഷഹാരഔഷധമായി ഹിന്ദുക്കളും, ബുദ്ധമതക്കാർ ഇത് പുണ്യവൃക്ഷവുമായി കരുതുന്നു. സംസ്കൃതത്തിൽ അതിഗ്രന്ഥം എന്ന അർത്ഥവും ഈ പേരിനു വരുന്നുണ്ട്. ഇങ്ങനെ ചെമ്പകം എന്ന പൂവിന് വിശേഷണങ്ങൾ ഏറെയാണ് .എന്നാൽ കഥാപാത്രമാകുന്ന ചെമ്പകത്തെ ഇതിൽ നിന്നും വിപരീതമായിട്ടാണ് നോവലിൽ ആവിഷ്കരിക്കുന്നത്.

'എതിരെ ചോലക്കലെ ചെമ്പകവും മകൾ ചൈതന്യവും കൂടി നടന്നു വരുന്നു ഭാസ്കരൻ മനപ്പൂർവ്വം കുടയെടുത്ത് നിവർത്തി സൂക്ഷിക്കണം ചെമ്പകത്തിന്റെ റെക്കോർഡ് അത്ര ശരിയല്ല'(പുറം24, വിലായത്ത് ബുദ്ധ 2024).

'ചെമ്പകത്തിന് പക്ഷേ ഇമേജിന്റെ പ്രശ്നം ഒന്നും ഇല്ല'(പുറം 25,വിലായത്ത് ബുദ്ധ 2024).

'ആയമ്മയ്ക്ക് ഇപ്പോൾ ശർക്കര കച്ചവടം മാത്രമേയുള്ളൂ'(പുറം31, വിലായത്ത് ബുദ്ധ 2024).

ചെമ്പകം എന്ന കഥാപാത്രത്തെ നോവലിൽ ആദ്യമായി അവതരിപ്പിക്കുന്ന രീതിയാണിത്. ഈ ഒരു അവതരണത്തിൽ നിന്നും ആസ്വാദകർക്ക് ചെമ്പകത്തിന് സമൂഹത്തിലുള്ള സ്ഥാനവും അവളെയൊരു വ്യഭിചാരിയായി കാണുന്നു എന്നും മനസ്സിലാക്കാം. ഇത്തരം സ്ത്രീകളെസമൂഹത്തിൽ നിന്ന് അകറ്റി നിർത്തുകയും മോശപ്പെട്ടവരായി ചിത്രീകരിക്കുകയും ചെയ്യുന്നു. എന്നാൽ ഇന്ദുഗോപൻ ഇവിടെ സമൂഹത്തിൽ മോശമായി കാണപ്പെടുന്ന ഒരു കഥാപാത്രത്തിന് സമൂഹത്തിൽ ഏറ്റവും സുഗന്ധം ഉള്ളതും വിവിധ മതക്കാർ പുണ്യവൃക്ഷവുമായി കാണുന്ന ചെമ്പക വൃക്ഷത്തിന്റെ പേര് നൽകിയിരിക്കുന്നതിലൂടെ ഒരർത്ഥവും അതേ രീതിയിലോ തോതിലോ എല്ലാകാലത്തും നിലനിൽക്കില്ല എന്ന് വെളിവാക്കുന്നു . ചെമ്പകത്തിന്റെ പേരിലും അവളുടെ തൊഴിലായിട്ടുള്ള ശർക്കര ഉണ്ടാക്കുന്ന ആലയിലും സുഗന്ധം ആണെങ്കിൽ നാട്ടുകാർ അവളിലെ ദുർഗന്ധത്തെ പ്രതിഷ്ഠിക്കാൻ നോക്കുന്നു. ദുർഗന്ധത്തിനുമേൽ സുഗന്ധത്തെ ചേർക്കുവാൻ ബോധപൂർവമായി എഴുത്തുകാരൻ ശ്രമിക്കുന്നു .

മോഹനനോട് വെല്ലുവിളിച്ച് ശർക്കരക്കുള്ളിൽ ചന്ദനം കടത്താൻ ശ്രമിക്കുന്ന ചെമ്പകത്തിന്റെ മകളായ ചൈതന്യത്തിനും കഥാഗതയിൽ മുഖ്യസ്ഥാനമുണ്ട്.

*''ശർക്കരയ്ക്ക് അകത്തുവെച്ച് ലോകത്ത് ആരെങ്കിലും ചന്ദനം കടത്തുമോ''(പുറം, 29വിലായത്ത് ബുദ്ധ 2024)***.** എന്ന് ചൈതന്യം അനിയോട് ചോദിക്കുന്നുണ്ട്. കഥ നടക്കുന്ന പശ്ചാത്തലം മറയൂർ ആയതുകൊണ്ട് അവിടെവ്യാപകമായി കൃഷി ചെയ്യുന്നതുമായ കരിമ്പിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ഒന്നാണ് ശർക്കര. മഞ്ഞനിറത്തിൽ ഇത് കാണുന്നു. ഇവിടെ നിറത്തിനും ഗന്ധത്തിനും ഒരുപോലെ പ്രാധാന്യം കൈവരുന്നുണ്ട്. *'നിലാവ് സ്വർണ്ണ നിറത്തിലുള്ള ശർക്കരപ്പാവിൽ വീണ ഓളം വെട്ടി അവളുടെ മുഖത്തെക്കടിക്കുകയാണ്''(പുറം ,28 വിലായത്ത് ബുദ്ധ 2024).*

*'അവൾക്കൊപ്പം ശർക്കരയുടെ ഗന്ധവും വന്നു'(പുറം,67വിലായത്ത് ബുദ്ധ 2024)*

ഇവിടെ സ്വർണ്ണനിറമായ ശർക്കരപ്പാവിൽ അതേ നിറത്തിലുള്ള ചന്ദനം അകത്തുവച്ച് കടത്തുകയാണ് ചെയ്യുന്നത്. ഈ നോവലിൽ 'മഞ്ഞ' എന്ന നിറത്തിന് പ്രത്യേകമായ പ്രാധാന്യം നൽകുന്നു.

ആദിവാസി കുടികളിലെ കുട്ടികൾക്ക് അക്ഷരപാഠവും മറയൂർ സഹകരണ ബാങ്കിന്റെ പ്രസിഡന്റ് ഭരണവും ഇഷ്ടക്കാർക്ക് എല്ലാം യഥേഷ്ടം ലോണും ഒഴിവ് ദിവസങ്ങളിൽ പി.എസ്.സി വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസവും നൽകി ഭാസ്കരൻ മാഷ് സമൂഹത്തിൽ നേടിയെടുത്ത പേരാണ് 'തൂവെള്ള ഭാസ്കരൻ'. വർണ്ണ മന:ശാസ്ത്രമനുസരിച്ച് വെളുത്ത നിറം ശുദ്ധതയെ അല്ലെങ്കിൽ നിഷ്കളങ്കതയെ പ്രതിനിധീകരിക്കുന്നു. കൂടാതെ മൃദുവായത് അണുവിമുക്തമായത് എന്നും വിശേഷിപ്പിക്കുന്നു .വിശുദ്ധി, ജ്ഞാനം ശുദ്ധി , സമാധാനം, അഭിഷേകം, പുതിയ തുടക്കങ്ങൾ, പ്രവചനം, ന്യായവിധി, രോഗശാന്തി ,പവർ ,ആത്മീയജീവികൾ, നിത്യത എന്നിവയെ പരാമർശിക്കുവാനായി പല വിശ്വാസങ്ങളും വിശുദ്ധ ഗ്രന്ഥങ്ങളും വെള്ളനിറത്തെ ഉപയോഗിക്കുന്നു. നോവലിൽ വെളുത്തനിറം സൂചിപ്പിക്കുന്ന ത്ജ്ഞാനത്തെയും വിശുദ്ധതിയെയും അടയാളപ്പെടുത്താനാണ് . കഥയിൽ ഭാസ്കരൻ മാഷിന്റെ സ്വഭാവം ശുദ്ധിയിലും സമൂഹത്തിൽ അദ്ദേഹത്തിനുള്ള നിലയിലും വിലയിലുമാണ് തൂവെള്ള ഭാസ്കരൻ എന്ന വിളിപ്പേര് വരുന്നത്. അത്രയും പരിശുദ്ധിയോടെയും കളങ്കമില്ലാത്തതുമായ വ്യക്തിത്വത്തിന് ഉടമയായിട്ടുമാണ് നോവലിന്റെ ആദ്യഭാഗത്ത് ആഖ്യാതാവ് ഭാസ്കരൻ മാഷിനെ ചിത്രീകരിക്കുന്നത്.

'ഭാസ്കരൻ മനപ്പൂർവ്വം കുട എടുത്തു നിവർത്തി'(പുറം 24 ,വിലായത്ത് ബുദ്ധ 2024).

ചെമ്പകവും ചൈതന്യവും എതിരെ നടന്നുവരുന്നതു കണ്ട ഭാസ്കരൻ അവരുമായി ഒരു സംഭാഷണത്തിന് താല്പര്യമില്ലാത്തതുകൊണ്ട് കുട എടുത്തു നിവർത്തുന്നു. അത്തരം സ്ത്രീകളോട് സൗഹൃദം ഉണ്ടാക്കുവാൻ ശ്രമിക്കാത്ത ഒരു മാന്യനാണ് ഈ കഥാപാത്രം എന്ന് ആദ്യമേ മനസ്സിലാക്കി തരുവാനുള്ള ആഖ്യാതാവിന്റെ ശ്രമമാണിത്. ഉതുപ്പാന്റെ വീട്ടിലേക്ക് എളുപ്പത്തിൽ എത്തുവാൻ ചെമ്പകത്തിന്റെ വീട്ടിലെ കുറുക്കുവഴിയിലൂടെ രാത്രിയിൽ നടക്കുമ്പോഴാണ് ചെമ്പകത്തിന്റെ സെപ്റ്റിക് ടാങ്കിൽ ഭാസ്കരൻ അറിയാതെ വീഴുന്നത്. സിമെന്റും കമ്പിയുംചേർക്കാത്ത സെപ്റ്റിക് ടാങ്കുഴിയിലേക്ക് തൂവെള്ള ഭാസ്കരൻ വീണതിനു ശേഷമാണ് 'തീട്ടം ഭാസ്കരൻ'എന്ന പേര് വന്നത്.

മനുഷ്യവിസർജ്യത്തിന്റെ മഞ്ഞനിറത്തിലും ദുർഗന്ധത്തിലും അയാൾ മുങ്ങിപ്പോകുന്നു. ഈ ദുർഗന്ധത്തിൽ നിന്നും മുക്തി നേടുവാനായി ചന്ദനമരം വളർത്തുകയാണ് ഭാസ്കരൻ മാഷ് .മരണശേഷം അത് പട്ടയടയായി ഉപയോഗിക്കുവാനുംഅദ്ദേഹം ശ്രമിക്കുന്നു.

ഇവിടെ'മഞ്ഞനിറവും ദുർഗന്ധവുമായ' 'മനുഷ്യവിസർജ്യത്തിന്റെ' മാനക്കേടിൽ നിന്നും 'മഞ്ഞ നിറവും സുഗന്ധവുമായ''ചന്ദനത്തിലൂടെ' മുക്തി നേടാൻ അയാൾ ശ്രമിക്കുന്നു. ചെമ്പകത്തിന്റെ തീട്ടക്കുഴിയിൽ നിന്നും നാട്ടുകാരുടെ ജെ.സി.ബി.യിൽ നദിയിൽ ഇറക്കിവിട്ടശേഷം ചിലർ ഉടുതുണി എടുത്തു മാറ്റി അപമാനിച്ചതെല്ലാം ആ ദുർഗന്ധത്തിൽപെട്ടതുകൊണ്ടുതന്നെയാണ്. ഒരു ഗുണവും എക്കാലത്തും ഒരുപോലെ നിലനിൽക്കില്ല എന്നും, മറച്ചുവച്ചത് / മറയ്ക്കപ്പെട്ടത് ഒരിക്കൽ വെളിപ്പെട്ടുവരുമെന്നും ഇതിലൂടെ മനസ്സിലാക്കാം.

ലോഹങ്ങളിൽ സ്വർണമെന്നതുപോലെ രണ്ടിന്റെയും നിറവും ഒന്നു തന്നെ, മഞ്ഞ. മണമുള്ള സ്വർണമാണ് ചന്ദനം. മറിച്ച് ദുർഗന്ധമുള്ള മറ്റൊരു മഞ്ഞയാണ് വിസർജ്യം. ആവൈരുധ്യമാണ് നോവലിന്റെ സത്ത്. സത്തും,സത്തു പോയതും ഇങ്ങനെ മഞ്ഞ നിറത്തിന് ഇവിടെ രണ്ടു വൈരുദ്ധ്യങ്ങൾ നൽകുവാൻ എഴുത്തുകാരൻ ശ്രമിക്കുന്നു.

*'മഞ്ഞയാണ് ഇനി അയാളുടെ നിറം അമേദ്യത്തിന്റെ മഞ്ഞ'(പുറം 38,വിലായത്ത് ബുദ്ധ 2024)''തീട്ടത്തിൽ കിടന്ന എന്നെ നോക്കി ആർപ്പുവിളിച്ചവരുടെ പ്രതിനിധിയാ ഇപ്പോൾ എനിക്കീചന്ദനം. അതിനെ ഞാൻ വെട്ടും ഒടുക്കം എന്നെ ദഹിപ്പിക്കുമ്പോൾ ഈ ചന്ദനം എന്റെ ഒപ്പം എരിയും അതായത് തീട്ടം ഭാസ്കരൻ ദഹിക്കുമ്പോൾ എല്ലാവരും ദുർഗന്ധം പ്രതീക്ഷിച്ചു നിൽക്കുമ്പോൾ ചന്ദനത്തിന്റെ മണം വരും വരണം ജീവിച്ചിരിക്കെ എന്നെ പരമാവധി നാറ്റിച്ചിട്ടും ഞാൻ സുഗന്ധമാണെന്ന് നാട്ടുകാർക്ക് മനസ്സിലാകണമെടോ എന്റെമരണമെങ്കിലും ഒന്ന് മണക്കട്ടേടോ''(പുറം 42,വിലായത്ത് ബുദ്ധ 2024)* എന്ന ഭാസ്കരൻ മാഷിന്റെ വാക്കുകളിലും ഈ വൈരുദ്ധ്യം തെളിഞ്ഞു നിൽക്കുന്നു.

വയറ്റിളക്കം വന്ന് മഞ്ഞനിറമായ, ഉടുമുണ്ട് പകുതി ഉരിഞ്ഞുപോയ അവസ്ഥയിലാകുന്ന ഭാസ്കരൻ മാഷിനെ നോവലിന്റെ അവസാന ഭാഗത്ത് കാണാം .വീണ്ടും ആ മഞ്ഞനിറത്തിലും ദുർഗന്ധത്തിലും അയാൾക്ക് കിടക്കേണ്ടിവരുന്നുണ്ട് . ഒരു ദുർവിധി പോലെ അപമാനഭാരം കൊണ്ട് കണ്ണടച്ചിരുന്ന അയാളെ മോഹനനാണ് വൃത്തിയാക്കി ആശുപത്രിയിൽ എത്തിക്കുന്നത്. ബോധം വീണപ്പോൾ പോലും ആശുപത്രിയിലെ ഗന്ധത്തിനുമീതെ ആ 'മഞ്ഞ ഗന്ധം' ഉയരുന്നുണ്ടോ എന്ന് പോലും ഭാസ്കരന് തോന്നുന്ന അവസ്ഥ കാണുന്നു. മറച്ചുവയ്ക്കപ്പെട്ടത് വെളിപ്പെടു

ന്നുണ്ടോ  എന്ന ശങ്കയാണ് ഭാസകരനിൽ ഇത്തരത്തിലുള്ള ചിന്തയിലേക്കെത്തിക്കുന്നത്. നാഗലിംഗ മരത്തിലെ കായ്കൾ വീട്ടുമുറ്റത്ത് വീണു പൊട്ടുമ്പോൾ ഉണ്ടാകുന്ന ദുർഗന്ധം പോലും ഭാസ്കരന് അനുഭവപ്പെടുന്നുണ്ടായിരുന്നില്ല .കാരണം അതിലും  വലിയ ദുർഗന്ധം മസ്തിഷ്കത്തിൽ കയറിയത് കൊണ്ടാകാമെന്ന് കഥയിൽ പറഞ്ഞു പോകുന്നുണ്ട്. അവയുടെ ഗന്ധത്തിലൂടെ അതു കഴിക്കുവാൻ മാനുകളും കാട്ടുപന്നികളും വരുന്നു. ഓരോ ഗന്ധവും ഓരോ ഓർമ്മയാണ്  ഇവിടെ പത്തുവർഷത്തിനു ശേഷവും ചെമ്പകത്തിന്റെ വീട് കാണുമ്പോൾ ഭാസ്കരൻ മാഷിന് ലഭിക്കുന്നത് ദുർഗന്ധം നിറഞ്ഞ ഓർമ്മകൾ മാത്രമാണ്.

### 2.2.2 ശാസ്ത്രീയാവബോധം

ബിംബങ്ങളെ പോലെ തന്നെ ശാസ്ത്രീയമായ വശങ്ങളും ഈ നോവലിലെ പ്രത്യേകതകളിൽ ഉൾപ്പെടുന്നു. നോവലിൽ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്ന ചന്ദനമരത്തെക്കുറിച്ചുള്ള ശാസ്ത്രീയമായ പഠനം തന്നെ എഴുത്തുകാരൻ വിശദമാക്കുന്നുണ്ട്.'വിലായത്ത് ബുദ്ധ' എന്ന  സങ്കല്പം തന്നെയാണ് ഇതിലെ സത്ത. ഏറ്റവും    മുന്തിയ ഇനം എ ക്ലാസ്സ് ചന്ദനത്തിന്റെ പേരാണ് വിലായത്ത് ബുദ്ധ. വിലായത്ത്    എന്നാൽ ബിലാത്തി അഥവാ ഇംഗ്ലണ്ട്, വിദേശം എന്നൊക്കെ അർത്ഥം വരുന്നു.  എക്സ്പോർട്ട് ക്വാളിറ്റി സാധനം എന്നും സൂചന നൽകുന്നു. ഒരു ടൺ ഭാരം തികയാൻ 116 മുട്ടിയിലധികം  പാടില്ല എന്നതാണ് വിലായത്ത് ബുദ്ധയുടെ നിബന്ധനയായി കരുതുന്നത്. ഒരു മുട്ടിക്ക് കുറഞ്ഞത് ഒൻപത്കിലോയെങ്കിലും ഭാരം വേണമെന്നും നിർബന്ധമാണ്. ഇതിലും കൂടുതൽ വിവരങ്ങൾ ചന്ദനമരത്തെക്കുറിച്ച് ചന്ദനക്കള്ളക്കടത്തുകാരുടെ ഇടയിൽ പ്രചാരത്തിൽ ഉണ്ട്. വളവും പുളവുമില്ലാതെ ബുദ്ധനെ  കൊത്തിയുണ്ടാക്കാൻ ഏറ്റവും നല്ല ലക്ഷണമൊത്ത തടി അതാണ് ഇത്തരക്കാരുടെ മനസ്സിലെ 'വിലായത്ത് ബുദ്ധ'. ബുദ്ധന്റെ അടഞ്ഞ കണ്ണിലെസമാധാനത്തിന്റെ പരിപൂർണത.

*"അത് വിലായത്ത് ബുദ്ധയിലേവിരിയിച്ചെടുക്കാൻ പറ്റൂ"(പുറം 71,വിലായത്ത് ബുദ്ധ 2024)*

*"എന്റെ ഭഗവാനെ, ഗുരുവായൂർ ദേവസ്വത്തിചെന്ന് ഉരഞ്ഞു തീരാനോ കള്ളമില്ലിൽ അമർന്ന് എണ്ണയാകാനോ അല്ല അങ്ങയുടെവിധി. ഷാങ്ഹായിലെ കോടീശ്വരന്മാരുടെ വസതികളിലോ പ്രശസ്തമായ ബുദ്ധവിഹാരങ്ങളിലോ സമ്പൂർണ ബുദ്ധവിഗ്രഹങ്ങളായി ഒരു പതിനായിരം കൊല്ലം വിരാജിക്കാനാണ് "(പുറം 71, വിലായത്ത് ബുദ്ധ 2024)* എന്ന് മോഹനൻ നാടകീയമായി മരത്തെ തൊഴുതിട്ടു പറയുന്നു.

*"വിലായത്ത് ബുദ്ധയിൽ കൊത്തിയാൽ മരം ഉടയില്ല: എത്ര പണിതാലും ബുദ്ധന്റെ മുഖത്തെ സമാധാനവും കണ്ണടച്ചാലും കിടക്കുന്ന ആ ചൈതന്യമുണ്ടല്ലോ... അതാ വെരി ഇംപോട്ടന്റ്. അത് വിലായത്ത് ബുദ്ധയിലേ വിരിയിച്ചെടുക്കാൻ പറ്റൂ"( പുറം 71, വിലായത്ത് ബുദ്ധ 2024).*

*"വിലായത്ത് ബുദ്ധയിൽ തന്നെ ഇതുപോലെ വളവും പുളവുമില്ലാതെ ലക്ഷണമൊത്ത ഒരു ചന്ദനമരം ഞാൻ കണ്ടിട്ടേയില്ല. എവന് ഒരു എൺപതു വയസ്സു വരും. മനുഷ്യനെ പോലാ ചന്ദനത്തിനും നൂറ്റാണ്ടാ ആയുസ്സ്. മനുഷ്യന്റെ മനസ്സു പോലാ ചന്ദനത്തിനും . പ്രായം കൂടുമ്പോ മനുഷ്യന് പതം വരും, ചന്ദനത്തിന് മണവും. പുരുഷന്റെ വീരം കുറുകി മഞ്ഞിക്കും. അതുപോലെ ചന്ദനത്തിന്റെകാതലും മഞ്ഞിക്കും. അങ്ങനെ തികഞ്ഞ ജന്മമായിക്കഴിഞ്ഞു ഇവൻ .ഏഴെട്ടു മീറ്റർ പൊക്കം നൂറു സെന്റീമീറ്റർ ചുറ്റളവും പൂ കണ്ടോ? ഇളം പ്രായത്തിലേയുള്ള വെളുപ്പല്ല . മധ്യപ്രായത്തിലെ ഓറഞ്ചും കഴിഞ്ഞ് തനി ചെഞ്ചോര നിറമായി. സമ്പൂർണമായി, എന്റെസാറേ, ചന്ദനത്തിലെഗുരുവായൂർ കേശവനാ ഇവൻ"(പുറം 70, വിലായത്ത് ബുദ്ധ 2024).*എന്നിങ്ങനെ നോവലിലെ മോഹനന്റെ വാക്കുകളിലൂടെ വിലായത്ത് ബുദ്ധ എന്ന ചന്ദനമരത്തെക്കുറിച്ച് ശാസ്ത്രീയമായ ഒരു പഠനം തന്നെ എഴുത്തുകാരൻ നടത്തിയിട്ടുണ്ട് എന്നത് വ്യക്തമാണ് .

*"അവനെ കണ്ടോ ചന്ദനം പരാന്ന ഭോജിയാ എന്നുവെച്ച് സ്വന്തമായി ഭക്ഷണം എടുക്കില്ല. അടുത്ത മറ്റേതെങ്കിലും മാന്യരായ മരം വേണം.ആ വെള്ള അകിൽ അങ്ങനെ ഒരു പാവം മരവാ... ചന്ദനം സ്വന്തം വേര് കൂർപ്പിച്ച് അകിലിന്റെ വേരിൽ തുളച്ചുകയറും. അവന്റെ അന്നം വിഴുങ്ങി വളരും, ആനന്ദിക്കും"(പുറം41, വിലായത്ത് ബുദ്ധ 2024).*

*"തനിക്കറിയുമോ നമ്മുടെ ദേഹം ഒരുപാട് സൂക്ഷ്മജീവികളുടെ താമസസ്ഥലവാ ... എല്ലാം നമ്മളിൽ നിന്നുതന്നെ തീറ്റയെടുത്ത് നമ്മളിൽ തന്നെ തൂറി നമ്മളിൽ തന്നെ ഒടുങ്ങുന്നുണ്ട്"(പുറം 42,വിലായത്ത് ബുദ്ധ).*എന്ന് ഭാസ്ക്കരൻ മാഷ് പീറ്ററിനോട് പറയുന്ന വാകുകളിലും എഴുത്തുകാരന്റെ ശാസ്ത്രവബോധം വ്യക്തമാകുന്നുണ്ട്. പുതിയകാല നോവലുകളുടെ ഇടയിൽ ദൃശ്യ, ഗന്ധബിംബങ്ങളാലും, പ്രതീകാത്മകങ്ങളാലും, ബുദ്ധമതദർശനം കൊണ്ടും, കഥാപാത്ര ദ്വന്ദ്വങ്ങളിലൂടെയും, ശാസ്ത്രീയമായ അവബോധത്തിലൂടെയും ഇന്ദുഗോപന്റെ വിലായത്ത് ബുദ്ധ വ്യത്യസ്തമായ രചനയായി മാറുന്നു

### 2.2 പ്രതീകാത്മകത'വിലായത്ത് ബുദ്ധ'യിൽ

'മഞ്ഞ','വെള്ള' എന്നീ രണ്ടു വർണങ്ങൾ നോവലിലെ പ്രധാന ഘടകങ്ങളായി വരുന്നു . രണ്ടിനും അതിന്റെതായ പ്രാധാന്യം ഉണ്ട് . 'വെള്ള' നിറം ആദർശത്തിന്റെ പ്രതീകം ആകുമ്പോൾ ,'മഞ്ഞ', ഭാസ്കരന്റെ ജീവിതത്തിലെ ദുരന്തപൂർണമായ രാത്രിയെയും ,പ്രകൃതിയിലെ ഏറ്റവും വിലപിടിപ്പുള്ള ചന്ദനത്തെയും പ്രതീകവത്ക രിക്കുന്നു.

'വിലായത്ത് ബുദ്ധ' എന്ന നോവലിൽ മലിനമാക്കപ്പെട്ട ഗുരു പാരമ്പര്യങ്ങളെ വിശുദ്ധമാക്കുന്ന ഒരു ആധുനികമായ തത്വദർശനത്തിന്റെ പാത്രാവിഷ്കാരമായി മോഹനൻ മാറുന്നു. മാന്യതയുടെ മുഖം മൂടിക്കപ്പുറത്ത് പലവിധത്തിലുള്ള സ്വഭാവ ങ്ങളും പേറി നടക്കുന്ന മനുഷ്യസ്വഭാവത്തെയാണ് ഭാസ്കരൻമാഷിലൂടെ എഴുത്തു കാരൻ വരച്ചുകാട്ടുന്നത്. ചൈതന്യത്തെ ഏറ്റവും മിഴിവോടെ നെഞ്ചുവിരിക്കുന്ന സ്ത്രൈണതയുടെ ഉർവ്വരമായ പ്രകൃതിയുടെ പ്രതീകമായി ഉയർത്തക്കാണിക്കുന്നു .സ്ത്രീയ്ക്കും മണ്ണിനും ദൈവത്വം നൽകുന്ന പാരമ്പര്യത്തെ തിരിച്ചുപിടിക്കാനുള്ള ശ്രമവും നോവലിൽ കാണാം.

ലൗകികതയുടെ രാജകീയമായ പദവിയിൽ നിന്നും ആത്മീയതയുടെവിജനസാ ന്ത്വനം തേടിപ്പോയി പുതിയ തത്വദർശനത്തിന്റെ തെളിച്ചവും വെളിച്ചവും മനുഷ്യരാ ശിക്ക് പകർന്നു നൽകിയ ബുദ്ധന്റെ ദാർശനിക പശ്ചാത്തലത്തിൽ രചിച്ച നോവലാ ണ് ജി.ആർ. ഇന്ദുഗോപന്റെ 'വിലായത്ത് ബുദ്ധ' . ഇന്ദുഗോപന്റെ മറ്റു നോവലുക ളിൽ അന്തർലീനമായിരിക്കുന്ന ആധ്യാത്മികത 'വിലായത്ത് ബുദ്ധയിൽ' പ്രഥമ വായനയിൽത്തന്നെ പ്രത്യക്ഷമാണ്.

പ്രകൃതി ഭംഗി കൊണ്ട് നിറഞ്ഞു നിൽക്കുന്ന മറയൂർ എന്ന ഗ്രാമമാണ് നോവലി ന്റെ പശ്ചാത്തലം. അതുകൊണ്ട് തന്നെ സ്വഭാവികമായും പ്രകൃതി വർണനകളും, പ്രകൃതിയെ മറ്റു പലതിനോടും പ്രതീകവത്കരിക്കുകയും നോവലിസ്റ്റ് ചെയുന്നു ണ്ട്. 'ചന്ദനമരം' ഇതിനുദാഹരണമാണ്. ചന്ദനമരം ഇവിടെ ബുദ്ധമതത്തിന്റെ പ്രതീക മായും, മറ്റൊന്നിനെ കൊന്നു തിന്നുന്ന സ്വാർത്ഥ സമൂഹത്തിന്റെ പ്രതീകമായും നോവലിൽ മാറുന്നു. മോഹനന്റെ പുരുഷത്വത്തിന്റെ പ്രതീകമായി ആട്ടുമലയെകാ ണാം.

നാഗലിംഗ കാ തിന്നുവാൻ വരുന്ന കാട്ടുപന്നികളും, പൊന്മാനുംനോവലിൽ കട ന്നുവരുന്നുണ്ട്. മറ്റുള്ളവരുടെ വസ്തുക്കൾ കൈക്കലാക്കുവാൻ ശ്രമിക്കുന്ന വ്യക്തി കളെ ഇവ പ്രതീകവത്കരിക്കുന്നു. തോക്ക്, ചന്ദനം, എന്നിവയാണ് നോവലിലെ

പ്രധാന വസ്തുക്കളായി കാണുന്നത്. തോക്ക് ഹിംസയെ പ്രതീകവകത്രികുന്നു, ചന്ദനം ബുദ്ധമതദർശനത്തെയും.

വിലായത്ത് ബുദ്ധ എന്ന നോവലിലൂടെ ഒരു ചന്ദനത്തെ കേന്ദ്രസ്ഥാനത്ത് നിർത്തി മനുഷ്യസ്വഭാവത്തിന്റെ വൈചിത്ര്യങ്ങൾ കാണിച്ചുതരികയാണ് എഴുത്തുകാരൻ . മാന്യത നടിക്കുന്നവരുടെ യഥാർത്ഥ സ്വഭാവം നാം തിരിച്ചറിയുന്നു .നായകനും പ്രതിനായകനും ഒന്നുമില്ലാതെ മനുഷ്യസ്വഭാവങ്ങൾ തമ്മിലാണ് ഏറ്റുമുട്ടൽ നടക്കുന്നത്. നോവലിലെ ആഖ്യാനതന്ത്രം സവിശേഷമാണ്. ചെറിയ അധ്യായങ്ങളിലൂടെ പുരോഗമിക്കുന്ന നോവൽ പുതുമ സൃഷ്ടിക്കുന്നു. മനുഷ്യന്റെ സൗകര്യവും സാമൂഹികവും രാഷ്ട്രീയവുമായ ജീവിതത്തിന്റെ ഭിന്നവിതാനങ്ങൾ നോവലിൽ ഹൃദ്യമായി ആവിഷ്കൃതമാകുന്നു.

# അധ്യായം മൂന്ന്

## സ്വത്വവും അപരവും 'വിലായത്ത് ബുദ്ധ'യിൽ

# അധ്യായം മൂന്ന്

# സ്വത്വവും അപരവും 'വിലായത്ത് ബുദ്ധ'യിൽ

ഊതിക്കാച്ചിയെടുത്ത മനുഷ്യസ്വഭാവചരിത്രമാണ് 'വിലായത്ത് ബുദ്ധ' എന്ന നോവൽ. ആകസ്മികമായി വരുന്ന അറിവുകളിലൂടെയാണ് മനുഷ്യൻ ജീവിതം പരിശീലിക്കുന്നത്. അറിവുകൾക്ക് ഒരു നിശ്ചയക്രമം കൊടുക്കുമ്പോൾ അത് തത്ത്വചിന്തയാകും. തത്ത്വചിന്തയ്ക്ക് ഒട്ടും ഭാരമില്ലെന്നും അത് സാധാരണ മനുഷ്യരുടെ പെരുമാറ്റങ്ങളിൽ ഉറങ്ങിക്കിടപ്പുണ്ടെന്നും സാഹചര്യങ്ങൾ അനുകൂലമാകുമ്പോൾ അവ ലളിതമായി വെളിപ്പെടുമെന്നും ഈ നോവൽ ഓർമിപ്പിക്കുന്നു.

മാന്യതയുടെ മുഖംമൂടിക്കപ്പുറത്ത് പലവിധത്തിലുള്ള സ്വഭാവങ്ങളും പേറി നടക്കുന്ന മനുഷ്യസ്വഭാവത്തെയാണ് ഭാസ്കരൻ സാറിലൂടെ നോവലിസ്റ്റ് വരച്ചുകാട്ടുന്നത്. തെറ്റിന്റെ വഴിയിൽ സഞ്ചരിച്ചാലും ആരും അറിയാതെ മാന്യത കാത്തു സൂക്ഷിക്കണം എന്ന് ഏവരും ആഗ്രഹിക്കുന്നു. ഈ സാമാന്യ സ്വഭാവത്തെയാണ് യാഥാർത്ഥ്യബോധത്തോടെ എഴുത്തുകാരൻ ആവിഷ്കരിക്കുന്നത്. വൈചിത്ര്യമാർന്ന മനുഷ്യസ്വഭാവത്തിന്റെ എല്ലാ തലങ്ങളും ഭാസ്കരൻ എന്ന കഥാപാത്രത്തിൽ സംഗമിക്കുന്നു. പല വിതാനങ്ങളിൽ പടർന്നു നിൽക്കുന്ന കഥാപാത്രമാണ് ഭാസ്കരൻ. പ്രതിനായകനായി കടന്നു വരുന്ന കഥാപാത്രമാണ് മോഹനൻ. എന്ന ഡബിൾ മോഹനൻ. ചന്ദനകൊള്ളക്കാരനായും, റൗഡിയായും ജനങ്ങളെ ഭയപ്പെടുത്തുന്ന മോഹനൻ ജീവിതത്തിൽ ആഗ്രഹിച്ചത് എന്തും നേടിയെടുക്കാൻ മനസ്സുള്ള മനുഷ്യജീവിതത്തിന്റെ പ്രതീകം കൂടിയാകുന്നു. കർക്കശക്കാരനായ അച്ഛന്റെയും, നല്ല സുഹൃത്തിന്റെയും ഇടയിൽപ്പെട്ട് ഉഴറുന്ന കഥാപാത്രമാണ് ചെറുപ്പക്കാരനായ അനി. അച്ഛന്റെയും സുഹൃത്തിന്റെയും സംഘട്ടനം നിർത്തുവാനാണ് അനി ആഗ്രഹിക്കുന്നത്. ഒടുവിൽ അച്ഛന്റെ പിടിവാശിയെ എതിർത്ത് ചന്ദനമരം മുറിയ്ക്കുന്നതും അനിയാണ്. തന്റെതല്ലാത്ത കാരണത്താൽ സമൂഹത്തിൽ മാറ്റിനിർത്തപ്പെട്ട പെൺകുട്ടിയാണ് ചെമ്പകം. എന്നാൽ അവൾ അതിനെ സ്വന്തം ജീവിതം കൊണ്ട് പോരാടുകയാണ് ചെയ്യുന്നത്.

### 3.1. ഭാസ്ക്കരൻ മാഷ് / തൂവെള്ളഭാസ്ക്കരൻ

നോവലിലെ ഏറ്റവും പ്രധാന കഥാപാത്രങ്ങളിൽ ഒരാളാണ് ടി.ഭാസ്കരൻ എന്ന ഭാസ്കരൻ മാഷ്. നോവലിൽ രചയിതാവ് ഭാസ്കരൻ എന്ന കഥാപാത്രത്തിന് വ്യത്യ

സ്തമായ ഭാവതലങ്ങൾ നൽകുന്നുണ്ട്. അതിനുള്ള ഉദാഹരണം തന്നെയാണ് നോവലിലെ അദ്ദേഹത്തിന്റെ വ്യത്യസ്തമായ പേരുകൾ. ടി. ഭാസ്കരൻ സ്കൂൾ മാഷ് ആയതോടെ ഭാസ്കരൻ മാഷ് എന്ന പേര് വന്നു. എന്നാൽ ഭാസ്കരൻ മാഷിന്റെ പഴയകാലം തൂവെള്ള ആയിരുന്നില്ല. മാഷാകുന്നതിനുമുന്നേ ഒരു വേട്ടക്കാരൻ ആയിരുന്നു എന്ന് കഥയിൽ പറയുന്നുണ്ട്.

*"കാട്ടുപോത്തിനെ ആനയെ പോലെ നേർക്കുനേർ നിന്നാ ഞാൻ അടിച്ചിട്ടുള്ളത് പഴയകഥയാ അന്ന് എന്റെ മുന്നിൽവന്ന് നമസ്കരിച്ചാ അത് ചത്തു വീഴുന്നത് അറിയാമോ"*(പുറം50,വിലായത്ത് ബുദ്ധ 2024).

ഭാസ്കരൻ മാഷ്തന്റെ വിദ്യാർത്ഥിയായ മോഹനനോട് പറയുന്ന വാക്കുകളാണിത്. ഇതിൽ നിന്നും അയാൾ ധൈര്യശാലിയായ പഴയ വേട്ടക്കാരനാണ് എന്ന് വ്യക്തമാണ്. മൃഗങ്ങളോട് മല്ലിട്ട് അതിനെ കൊന്നുതിന്നുന്നതിൽ സന്തോഷം കണ്ടെത്തുന്നുഭാസ്കരൻ മാഷ്. സ്വഭാവത്തിൽ തെല്ലും അനുകമ്പയോ ദയയോ കണ്ടെത്തുവാൻ സാധിക്കുന്നില്ല. അതുകൊണ്ടുതന്നെയാണ് സ്കൂളിലെ കുട്ടികളുടെ ഇക്രൂരൻമാഷായി ഭാസ്കരൻ മാറിയതും.

*" ആക്രൂരൻ എന്ന് പേരുള്ള ആ ക്രൂരൻ...കൊണ്ടുപോയെന്നാണ് പാഠം.അത് ഈ ക്രൂരനായ ഭാസ്കരൻ പഠിപ്പിച്ച കാലം മുതലാണ് അയാൾക്ക് 'ഇക്രൂരൻ'എന്ന പേര് വീണത്."(പുറം 53,വിലായത്ത് ബുദ്ധ2024).*

കുട്ടികളെ ഡിസിപ്ലിൻ പഠിപ്പിക്കുവാനായി ഒരു ചൂരലും എടുത്ത് ക്ലാസിൽ കയറി തലേ ദിവസത്തെ പരീക്ഷയ്ക്ക് വരാതിരുന്നവരെ തല്ലാൻ ഒരുങ്ങിയ മാഷ് ആദ്യം എത്തിയത് മോഹനന്റെ അടുക്കലാണ്. ദേഷ്യം കേറി വന്ന മാഷ് മോഹനനെ തലങ്ങും വിലങ്ങും തല്ലുന്നുണ്ട്. ഒരടി തെറ്റി അവന്റെ പുരികത്തിൽ കൊണ്ട് മുറിഞ്ഞ് ചോര വാർക്കുകയും അതുമൂലം അവൻ പഠിപ്പുനിർത്തുകയും ചെയ്യുന്നു. ഭാസ്കരൻ മാഷിന്റെ ദേഷ്യത്തിലും വാശിയിലും ഒരു ശിഷ്യൻ അവന്റെ പഠനം നിർത്തേണ്ടി വരുന്നു. അതിലൊരു തെറ്റോ കുറ്റബോധമോ ആ കഥാപാത്രത്തിൽ ഉണ്ടായതായി കാണിക്കുന്നില്ല.

*" സാറമ്മാര് സാധാരണ പിള്ളേരെ രക്ഷപ്പെടുത്തുകയാ ചെയ്യാറ്. താൻ എന്നെ തല്ലുകയാ ചെയ്തത് "(പുറം54,വിലായത്ത് ബുദ്ധ 2024).*

*''നിർത്തി പഠിപ്പ്. വീട്ടിലെ അത്യാവശ്യത്തിന് ചന്ദനം ചുമക്കാൻ ഇറങ്ങിയ എന്നെ സാറേ നിങ്ങള് കൊള്ളക്കാരൻ ആക്കാൻ പോവുകയാ കൊള്ളക്കാരൻ''*(പുറം54,വിലായത്ത് ബുദ്ധ 2024).

ഭാസ്കരൻ റിട്ടയെർമെമെന്റിനുശേഷമാണ് ഇക്രൂരൻ ഭാസ്കരനിൽ നിന്നും തൂവെള്ള ഭാസ്കരനിലേക്ക് പരിണാമം നടത്തുന്നത്. ഭാര്യയെ പാമ്പ് കടിച്ച സംഭവത്തിൽ തകർന്നു പോവുകയായിരുന്നു. ഭാര്യയുടെ ഓർമ്മകളിൽ നിന്നും ഓടിയൊളിക്കുവാൻ വേണ്ടി വേട്ട ഉപേക്ഷിച്ച് പൊതു പ്രവർത്തകൻ ആകുകയും പരമശാന്തൻ ആവുകയും ചെയ്തു. ആദിവാസി കുട്ടികൾക്ക് വേണ്ടി അക്ഷരപാഠം ,പകൽ മറയൂർ സഹകരണ ബാങ്കിന്റെ പ്രസിഡന്റ് ഭരണം ഇഷ്ടക്കാർക്ക് ലോൺ, ഒഴിവ് ദിവസങ്ങളിൽ പി.എസ്.സി വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസം എന്നീ പൊതുപ്രവർത്തനത്തിലൂടെയാണ് തൂവെള്ള ഭാസ്കരൻ ആകുന്നത്.

അറിയാതെയാണെങ്കിലും ചെമ്പകത്തിന്റെ സെപ്റ്റി ടാങ്കിൽ വീഴുന്നതോടെ തൂവെള്ള ഭാസ്കരൻ മഞ്ഞനിറമായി മാറുന്നു അങ്ങനെ തീട്ടം ജനിക്കുന്നു. ടി.ഭാസ്കരൻ എന്ന പേരിൽ നിന്നും തീട്ടം എന്ന പേരിലേക്ക് ഭാസ്കരനെ എത്തിച്ചത്, സംഭവം കഴിഞ്ഞ് മറയൂർടൗണിൽ നടത്തിയ കാക്കി പാപ്പുവിന്റെ പ്രസംഗത്തിലൂടെയാണ്. ആ ദുർഗന്ധത്തിൽ വീണതോടെ അതിൽ നിന്നും ഒരു മോചനത്തിനായി ചന്ദനം മരം നട്ടുവളർത്തി പട്ടടയാക്കി അതിൽ ദഹിക്കുമ്പോൾ സുഗന്ധം മണക്കണം എന്നും അങ്ങനെ മരണത്തിലൂടെ എങ്കിലും തന്റെ പേരിൽ ഒരു മാറ്റം വരുമെന്നും അയാൾ കരുതി. അകിൽമരത്തിൽ വളം കൊടുത്തു ഒരു ചന്ദനമരത്തെ അയാൾ വളർത്തി. പതിയെ അത് അയാളുടെ ലക്ഷ്യങ്ങളിൽ ഒന്നായി മാറുന്നു. ആ ലക്ഷ്യത്തിന് തടസ്സം സൃഷ്ടിക്കാൻ ശ്രമിക്കുന്ന ശിഷ്യനായ മോഹനനുമായി കോർക്കുമ്പോൾ ആ കഥാപാത്രം പഴയ ഇക്രൂരനിലേക്ക് വീണ്ടും തിരിച്ചുപോകുന്നുണ്ട്. മോഹനന്റെ ചന്ദനക്കടത്തിന്റെ വീരക്കഥകൾ കേട്ടതോടുകൂടി ഭയം കൂടിവന്ന ഭാസ്കരൻ ചിക്കിലി എന്ന ആദിവാസിപയ്യനെക്കൊണ്ട് പഴയ തോക്ക് കിണറ്റിൽ നിന്നും എടുപ്പിക്കുകയും ആ തോക്കുമായി ചന്ദനത്തിനടിയിൽ കാവൽ ഇരിക്കുകയും ചെയ്യുന്നുണ്ട്.

കാവൽ നില്ക്കുന്ന ചിക്കിലി പയ്യനോട് ഭാസ്കരൻ *:'' അനക്കം കണ്ടാ ശൂളം വിളിച്ചോളണം എപ്പോ വേണേലും അവൻ വരാം .നമ്മടെ ചന്ദനം വെട്ടിയിട്ട് ബുള്ളറ്റും കൊണ്ടു പോകാൻ''(പുറം 97,വിലായത്ത് ബുദ്ധ 2024 ).*

ആദിവാസിയായ ചിക്കിലിയെ കൊണ്ട് സ്വന്തം ദുർമോഹത്തിന് തോക്കെടുപ്പിക്കാൻ ഭാസ്ക്കരൻ മാഷ് മടിക്കുന്നില്ല എന്നത് ആ കഥാപാത്രത്തിന്റെ ഉള്ളിലെ ഇരുണ്ട

സ്വഭാവത്തെ ഒന്നുകൂടി എടുത്തു കാണിക്കുന്നു. ആട്ടുമലയിലേക്ക് പോകുന്നതിനു മുമ്പേ അനുഗ്രഹം വാങ്ങാനായി വന്ന മോഹനനെ അറിയാതെയാണെങ്കിലും ഭാസ്കരൻ മാഷ് വെടിവെച്ചു വീഴ്ത്തി . അഹിംസ പഠിപ്പിക്കുന്ന ബുദ്ധൻ ഇരിക്കുന്ന ചന്ദനമരത്തെ സംരക്ഷിക്കാൻ ഹിംസ എന്ന വഴി തിരഞ്ഞെടുക്കുന്ന ഒരു കഥാപാത്ര മായി മാറുകയാണ് ഭാസ്കരൻ മാഷ്. വെടികൊണ്ട് മുറിവുണ്ടാകുന്നത്സ്വന്തം ശിഷ്യനു തന്നെയാണ്. ഗുരുവിന്റെ അനുഗ്രഹം ആഗ്രഹിച്ചു ചെന്ന ശിഷ്യന് ലഭിക്കു ന്നത് വെടിയുണ്ടകളാണ്.

ചന്ദനമെടുക്കുന്നതിൽ മോഹനനോട് തീരാത്ത ദേഷ്യം ഉണ്ടെങ്കിലും അതേസമ യം അവൻ ആട്ടു മലയിൽ കയറിയപ്പോൾ ഒരു അപകടവും കൂടാതെ എത്ത ണമെന്നും അയാൾ ആഗ്രഹിക്കുന്നുണ്ട്. താൻ വെച്ച വെടിയുണ്ടയുമായി ആ വേദ നയും സഹിച്ചു അവൻ മലകയറിയത് കൊണ്ടോ കയ്യിൽ നിന്നും പറ്റിയ അബദ്ധ ത്തിന് മോഹനൻ തന്നെ ഒന്നും ചെയ്യാത്തതുകൊണ്ടും അയാളുടെ ഉള്ളിൽ ശിഷ്യനോടുള്ള സ്നേഹം ഒളിഞ്ഞിരിപ്പുണ്ട്.

*'ഭാസ്കരൻ അങ്ങനെ ഭക്തൻ ഒന്നുമല്ല എന്നാലും അറിയാതെ അയാൾ ചന്ദന ത്തിനെ നോക്കി അത് ബുദ്ധന്മാരുടെ കൂട്ടമാണെന്ന് സങ്കൽപ്പിച്ചു ഒന്ന് കണ്ണടച്ച് ഒന്നും വരുത്തരുതേ എന്ന് വിചാരിച്ചു'(പുറം 96,വിലായത്ത് ബുദ്ധ 2024).*

*'' അഹങ്കാരം കാണിക്കേണ്ട പയ്യെനോക്കിയും കണ്ടുമിറങ്ങണം ഞാനിവിടെത്തന്നെ കാണും''(പുറ96,വിലായത്ത് ബുദ്ധ 2024).*

ഒരേസമയം ഭാസ്കരൻ മോഹനനെ പ്രിയപ്പെട്ട ശിഷ്യനും ഇഷ്ടമുള്ള എതിരാളി യുമായി കാണുന്നു. വയറ്റിളക്കം പിടിപെട്ട് അവശനായിക്കിടന്ന് വീണ്ടും ദുർഗന്ധം വഹിക്കുന്ന മഞ്ഞനിറത്തിൽ മുങ്ങിയ ഭാസ്കരനെ വൃത്തിയാക്കി ആശുപത്രിയിൽ എത്തിക്കുന്നത് മോഹനനാണ്. തിരിച്ചു വന്നപ്പോൾ വീട്ടുമുറ്റത്ത് ചന്ദനമരം ഇല്ല. എന്തോ നഷ്ടബോധം ബാക്കി നിന്നെങ്കിലും മാഷിന് ഒരു സ്വാതന്ത്ര്യം അനുഭ വപ്പെടുന്നുണ്ട്. രാഷ്ട്രീയത്തിലേക്ക് ഇനിയൊരു തിരിച്ചുപോക്കില്ല എന്ന് ഉറപ്പിച്ച ഭാസ്കരൻ അടുത്ത തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി ആഗ്രഹിക്കുവാൻ തുടങ്ങി.

*'' വേണ്ട എന്റെ പുരിയിടത്തിൽ മുറ്റിയ നല്ല ഒന്നാന്തരം മാവുനില്പ്പുണ്ട്. ഇനി അതുമതി''(പുറം,113 വിലായത്ത് ബുദ്ധ 2024)*

ചന്ദനമരം ഇനി പട്ടടയാക്കണമെന്ന് ആഗ്രഹം വെടിഞ്ഞെങ്കിലും മുറിച്ച മരം എവിടെയുണ്ട് എന്ന് അറിയാൻ ഭാസ്കരൻ മാഷിന് ആഗ്രഹമുണ്ടായിരുന്നു.

മോഹനൻ അത് എടുത്തിട്ടില്ല എന്ന് മാത്രം സൂചിപ്പിച്ചു മോഹനൻ തോൽക്കുന്നത് കാണാൻ ആഗ്രഹിക്കാത്ത ചൈതന്യമാണ് മരം മുറിച്ചത് സുഗന്ധമേറിയ ആ മഞ്ഞ നിറമുള്ള ചന്ദനം ദുർഗന്ധം വമിക്കുന്ന മഞ്ഞ നിറത്തോട് ചേർന്ന് ചെമ്പകത്തിന്റെ കക്കൂസ് കുഴിയിൽ എല്ലാസവിശേഷതകളും വിട്ടു കിടക്കുന്നു. ചന്ദനത്തടി എവിടെയാണെന്നുള്ള ഉത്തരം കിട്ടാത്ത ദേഷ്യത്തിൽ നടന്നു നീങ്ങുന്ന ഭാസ്ക രനെയാണ് നോവലിന്റെ അവസാനം കാണുന്നത് .സ്വാർത്ഥതാല്പര്യങ്ങൾക്കു വേണ്ടി ഭാസ്ക്കരന്റെ ഉള്ളിലെ ഇഗോ വർദ്ധിക്കുന്നു. ഇവിടെ ഭാസ്ക്കരൻ എന്ന കഥാപാത്രം പുറമേ മന്യനായി നിൽക്കുമ്പോഴും അദ്ദേഹത്തിന്റെ വൈയക്തികാ വബോധ മനസ്സിൽ ആഗ്രഹം പൂർത്തിക്കരിക്കാൻ വേണ്ടി എന്തും ചെയ്യും എന്ന മാനസ്സിക നിലയിലേക്ക് എത്തുന്നു. മറച്ചു വയക്കപ്പെട്ട തന്റെ അപരവ്യക്തിത്വം ആണ് ദ്വന്ദ്വമായി ഹിംസ / അഹിംസ എന്ന തത്വത്തിലൂടെ വെളിപ്പെട്ട് വരുന്നത്.

### 3.2 മോഹനൻ/ ഡബിൾ മോഹനൻ

ഭാസ്കരനെ പോലെ തന്നെ നോവലിൽ പ്രാധാന്യമർഹിക്കുന്ന മറ്റൊരു കഥാപാ ത്രമാണ് മോഹനൻ. മോഹനൻ എന്ന കഥാപാത്രത്തിനും ദ്വന്ദ്വഭാവങ്ങൾ എഴുത്തു കാരൻ നൽകിയിട്ടുണ്ട്. പ്രായത്തിൽ കവിഞ്ഞ വളർച്ചയും ചങ്കൂറ്റവും അവനുണ്ട്. അധ്യാപകരോട് ബഹുമാനമുണ്ടെങ്കിലും തനിക്ക് ശരിയല്ല എന്ന് തോന്നുന്ന കാര്യ ങ്ങൾ തുറന്നടിച്ച് അഭിപ്രായം പറയുകയും തറുതല പറയുകയും ചെയ്യുന്നവൻ ജീവിക്കാനായി ചെറുപ്പത്തിലെകാട്ടിൽ ചന്ദനം ചുമക്കാൻ പോകുന്നവൻ എടുത്തു ചാട്ടവും ദേഷ്യവും നിറഞ്ഞ എന്നാൽ ജീവിക്കാൻ വേണ്ടി എത്ര കഷ്ടപ്പെടുവാനും ആഗ്രഹങ്ങൾ സാധിച്ചെടുക്കുവാൻ ഉള്ളഉറച്ചമനസ്സിനുടമസ്ഥനാണ് മോഹനൻ എന്ന കഥാപാത്രം .

*'' ജീവിക്കാനാ സാറേ പഠിക്കുന്നത്അപ്പൊ പഠിക്കുന്നതിനു മുൻപ് ജീവിക്കാനുള്ള വക കിട്ടിയ കളയണോ?''*(പുറം52,വിലായത്ത് ബുദ്ധ 2024).

ഭാസ്കരൻ മാഷിന്റെ ചൂരലടിയിൽ പുരികം പിളർന്ന് ചോര ഒഴുകി നെറ്റിയിൽ ഒരു പരുക്കായതോടെയാണ് മോഹനൻ പഠിപ്പു നിർത്തുന്നത്. അങ്ങനെ അവൻ ഒ രു കൊള്ളക്കാരനായി മാറുകയാണ്. ഇവിടെയാണ് സാധാരണ മോഹനനിൽ നി ന്നും ഡബിൾ മോഹനനിലേക്കുള്ള കഥാപാത്രത്തിന്റെ പരിണാമംവരുന്നത്. ഡബിൾ മോഹനൻ നാട്ടുകാരുടെ മുമ്പിൽ ഒരു റൗഡി തന്നെയാണ്.ചന്ദനം കടത്തുന്ന ഒരു കള്ളൻ . അതുകൊണ്ട് അവനെ ചുറ്റിപ്പറ്റി പല കഥകളും നാട്ടിലുണ്ട്. സാന്റൽ മോഹനനെ നാട്ടിലുള്ളവർക്ക് ഭയമായിരുന്നു. മറയൂർ കോടതിയിൽ നിന്നും ചന്ദ നം കടത്തിയ കഥ അതിപ്രസിദ്ധവുമാണ്. സമൂഹത്തിന്റെ കണ്ണിൽ ചന്ദനക്കടത്തു കാരനും ചെമ്പകത്തിന്റെ മകളായ ചൈതന്യത്തിന്റെ ഒപ്പം നടക്കുന്നവനും റൗഡി

യും ആണെങ്കിലും അവന്റെ ചില പ്രവൃത്തികൾ 'ഡബിൾ മോഹനനിൽ'നിന്നും വ്യത്യസ്തമാക്കുന്നുണ്ട്. ഭാസ്കറിന്റെ മകനെ റോഡരികിൽ വച്ച് കളിയാക്കിയവരെ മോഹനൻ കൈകാര്യം ചെയ്യുന്നത് ഒരു ഉദാഹരണം മാത്രമാണ്.

*" വേണ്ട അതാ മോഹനൻ ചോദിച്ചിരുന്നു"*

*" ആര്?" 'പീറ്റർ ചോദിച്ചു*

*" അപ്പുറത്തെ കടയിൽ ആ മോഹനൻ നിൽപ്പുണ്ടായിരുന്നു"*

*"ഏതു മോഹനൻ"? ഭാസ്കരൻ ചോദിച്ചു*

*" ഡബിൾ ,ഡബിൾ മോഹനൻ"(പുറം45,വിലായത്ത് ബുദ്ധ 2024)*

കള്ളക്കടത്താണെങ്കിലും തന്റെ ജോലിയോട് മോഹനൻനൂറുശതമാനം നീതിപുലർത്തുന്നുണ്ട്. കേവലം ഒരു കള്ളനായിരുന്നിട്ടുകൂടി മാഷിന്റെ മുറ്റത്തെ ചന്ദനമരം വിലായത്ത് ബുദ്ധയാണെന്ന് അറിയുമ്പോൾ അതിനെ ഏറ്റവും പരിശുദ്ധമായ പുണ്യമായ ഒന്നായി മോഹനൻ കാണുന്നു. അഹിംസാവാദത്തെ അയാൾ കൂട്ടുപിടിക്കുന്നുമുണ്ട്. ഹിംസ നടന്ന ആ മുറ്റത്ത് ബുദ്ധന് ഇനി സ്ഥാനമില്ല എന്ന് മോഹനൻ പറയുന്നുണ്ട്.

*"എന്റെസാറേ ഞാനിവിടെ വന്ന കാലിൽ നിൽക്കുന്നത് എന്നാന്നറിയാമോ... ഇരിക്കാൻ ഒക്കുകേലാ കാരണം മുറ്റത്ത് വിലായത്ത് ബുദ്ധയാ ഞങ്ങൾ ഗുരുത്വമുള്ള കച്ചവടക്കാര് ഇരിക്കുകേലായത്ത് ബുദ്ധ വീട്ടുമുറ്റത്ത് നിൽക്കുവാൻ ഭയങ്കര ഐശ്വര്യമാ അവിടെ'*'(പുറം70,വിലായത്ത് ബുദ്ധ2024)

*"ബുദ്ധം ശരണം ഗച്ഛാമി ഹേ,വിലായത്ത് ബുദ്ധ! അങ്ങ് അഹിംസ പറഞ്ഞ ആളല്ലേ. ഞാൻ ഹിംസിക്കില്ല. എന്റെ നേർക്ക് വെടി പൊട്ടിച്ച് ഹിംസ നടത്തിയ ഇദ്ദേഹത്തിന്റെ വീട്ടുമുറ്റത്ത് അങ്ങേക്ക് ഇനി നിൽക്കാൻ ആവില്ല. വീണത് ചോരയാണ്.അത് ഈ ഭൂമിയിൽ വീണ നേരം തന്നെ അങ്ങ് മനസ്സുകൊണ്ട് ഷാങ്ഹായിയിലേക്കുള്ള കപ്പൽ കയറാൻ തീരുമാനിച്ചു കഴിഞ്ഞു"(പുറം92, വിലായത്ത് ബുദ്ധ 2024)*

മോഹനൻ സാധാരണ ജീവിതം നയിക്കുന്നവനാണെങ്കിലും നേരും നെറിയുമുള്ള കള്ളനായാണ് നോവലിൽ ചിത്രീകരിക്കുന്നത്.. അധ്വാനിക്കുന്നതിലൂടെ മാത്രം വരുമാനം കണ്ടെത്തുന്നവനാണ് അവൻ എന്ന് തന്റെ കാമുകനെപ്പറ്റി ചൈതന്യം ഉറക്കെ അഭിമാനത്തോടെ പറയുന്നു. ചെയ്യുന്നത് കള്ളപ്പണി ആണെങ്കിലും അതിൽ ഒരു കള്ളത്തരവും കാണിക്കുന്നില്ല. സമൂഹം മുന്നേ തന്നെ വിധിച്ചിരിക്കുന്ന മോഹനന്റെ സ്വഭാവത്തിൽ നിന്നും വ്യത്യസ്തമാണ് ഇതെല്ലാം .

*“ അവനങ്ങനെ ഓസിന് കാശ് വാങ്ങിക്കുന്ന ടൈപ്പ് അല്ല. അധ്വാനിച്ച് കാശുണ്ടാക്കും ”*(പുറം69,വിലായത്ത് ബുദ്ധ 2024 ).

ദേഷ്യവും എടുത്തുചാട്ടവും ഉണ്ടെങ്കിലും മോഹനൻ എന്ന കഥാപാത്രത്തിന് സ്നേഹം എന്ന വികാരം കൂടി നൽകുന്നുണ്ട്. അത് ഏറ്റവും കൂടുതൽ പ്രകടിപ്പിക്കുന്നത് ചൈതന്യത്തോടാണ് . നാട്ടുകാരെ പേടിപ്പിച്ച് ഭീഷണിപ്പെടുത്തി നടക്കുന്ന ഡബിൾ മോഹനനെയും ഉള്ളിൽ കള്ളത്തരമില്ലാത്ത മോഹനനെയും അറിയുന്നത് ചൈതന്യത്തിനാണ്. ചൈതന്യത്തോടുള്ള മോഹനന്റെ സ്നേഹം അതിവിശാലമാണ്. ആട്ടു മലയെ അവളുടെ പേരിലാക്കി മാറ്റിയെടുക്കുന്നതും തന്റെ വാൽമാക്രിയെ (പിക്കപ്പ് വാൻ) കൊണ്ട് സാഹസികമായി മല കയറുന്നത് ചൈതന്യത്തോടുള്ള സ്നേഹം കൊണ്ടും അവൾക്ക് നൽകിയ വാക്കിന്റെ പുറത്തുമാണ്. ഭാസ്കരൻമാഷ് സ്വന്തം പേരുദോഷം തീർക്കാൻ ഒരു ചന്ദനത്തെ വെട്ടി അതിൽ സ്വയം ദഹിക്കാൻ തീരുമാനിക്കുന്നു. മോഹനനാകട്ടെ, സ്വന്തം കാമുകിയുടെ പേരുദോഷം മാറ്റാൻ, അവളുടെ പേര്, താൻ വെട്ടുന്ന പുതിയ മലയ്ക്ക് ചാർത്തിക്കൊടുക്കാൻ തീരുമാനിക്കുന്നു. ശിഷ്യന്റെതാണ് ക്രിയാത്മകമായ നടപടി.

ചന്ദനമരം നൽകാത്തതിൽ ഡബിൾ മോഹനന് ഭാസ്കരൻ മാഷിനോട് നീരസം ഉണ്ടെങ്കിലും തന്റെ അധ്യാപകനായിരുന്ന ഭാസ്കരൻ മാഷിനോട് മോഹനന് പണ്ടത്തെ വൈരാഗ്യമോ, ദേഷ്യമോ ഒന്നും തന്നെ ഉണ്ടായിരുന്നില്ലഎന്ന് മനസ്സിലാക്കുന്ന നിരവധി സംഭവങ്ങൾ നോവലിലുണ്ട്. അനിയെകാക്കി പാപ്പുവിന്റെ ആൾക്കാർ തല്ലുവാൻ ചെന്നപ്പോൾ രക്ഷിച്ചതും അനിയോടുള്ള സ്നേഹവും അതിനുദാഹരണമാണ്. ഉള്ളിൽ സത്യമുള്ളവനായതു കൊണ്ടുതന്നെ ആട്ടുമലയിൽ കയറുന്നതിനു മുന്നേ മാഷിന്റെ മനസ്സ് വിഷമിച്ചു എന്നും അതിനാൽ അനുഗ്രഹം വാങ്ങണമെന്നും മോഹനൻ ആഗ്രഹിക്കുന്നുമുണ്ട്.

*“ഇതെന്നല്ല ഒരു കടവും ബാക്കി കിടക്കരുത്. മോഹനനും അതിനാ പോയത് ആ സാറിന്റെ മനസ്സ് വിഷമിച്ചുകിടന്നാകയറ്റംശരിയാവുകേലപോലും”*(പുറം,83 വിലായത്ത് ബുദ്ധ 2024)

അനുഗ്രഹം തേടിയെത്തിയ മോഹനന് വെടിയുണ്ടകളാണ് കിട്ടിയത്ഹിംസനടന്ന ഈ മണ്ണിൽ വിലായത്ത് ബുദ്ധ ഇരിക്കുവാൻ അർഹിക്കുന്നില്ല എന്ന് പറഞ്ഞു. ആ മരത്തെ മോഹനൻ കൊണ്ടുപോകുമെന്ന് ഉറപ്പിച്ചു പറയുമ്പോഴും തന്നെ വെടിവച്ച മാഷിനെ അയാൾ കയ്യേറ്റമൊന്നും ചെയ്യുന്നില്ല എന്നത് ശ്രദ്ധേയമാണ്.

ആട്ടുമലയിൽ കയറിയതിനു ശേഷം മോഹനൻ മാഷിന് ഒരു ഫോൺ കോൾ ചെയ്യുന്നുണ്ട്. *സാറിന്റെ ആശ നടന്നില്ല ഞാൻ ചത്തില്ല സാറേ* എന്നാണ് മോഹനൻ പറയുന്നത്. ഭാസ്കരന്റെ മറുപടി കേട്ട് മോഹനൻ ചിരിച്ചിട്ടാണ് ഫോൺ വെക്കുന്നത്. തന്റെ പഠിത്തം നിർത്താൻ ഇടയാക്കിയ, ഏറ്റവും വലിയ ആഗ്രഹങ്ങളിലൊന്നായ ആട്ടുമലകീഴടക്കുന്നതിന് തടസ്സപ്പെടുത്തുന്ന വെടിയുണ്ടകൾ സമ്മാനിച്ച മാഷിനോട് മോഹനൻ ഒരു ചെറുപുഞ്ചിരിയോടെയാണ് സംസാരിക്കുന്നത്. തനിക്ക് ഏറ്റവും ഇഷ്ടമുള്ള ഒരു ശത്രുവിനെ പോലെ മാത്രമല്ല വയറിനു സുഖമില്ലാതെ അപമാനഭാരം കൊണ്ട് കിടന്ന തന്റെ ശത്രുവിനെ വൃത്തിയാക്കി ആശുപതിയിയിലാക്കാൻ മോഹനൻ തയ്യാറാകുന്നുണ്ട്. മോഹനനല്ല ചൈതന്യവും തന്റെ മകൻ അനിയും ചേർന്നാണ് ചന്ദനമരം മുറിച്ചത് എന്ന സത്യം ഭാസ്കരൻ മാഷ് മനസ്സിലാക്കുന്നു.

*"ടീ ,സാറിന്റെ ചന്ദനം എനിക്ക് വേണ്ട അങ്ങേരുടെ കൂടെ അനുഗ്രഹം കൊണ്ടാടി നമ്മള് ചാകാതിരുന്നത് ഞാൻ ഇനി സാറിനെ വിഷമിപ്പിക്കാൻ ഇല്ല(പുറം,115വിലായത്ത് ബുദ്ധ 2024).* എന്നാണ് മോഹനൻ പറയുന്നത്. അധ്യാപകന്റെ അനുഗ്രഹത്തിലും പ്രാർത്ഥനയിലും വിശ്വസിക്കുന്ന ഒരുശിഷ്യനെ ഇവിടെ കാണുവാൻ സാധിക്കുന്നു. സമൂഹത്തിൽ തെമ്മാടിയും കള്ളക്കടത്തുകാരനും ആണെങ്കിലും അവന്റെ ഉള്ളിലെ അപരഭാവവും കൂടി എഴുത്തുകാരൻ വ്യക്തമാക്കിത്തരുന്നുണ്ട് .ബുദ്ധവിഗ്രഹങ്ങളായി പതിനായിരം വർഷം വിരാജിക്കാൻ വേണ്ടി ചന്ദനത്തെ സംരക്ഷിക്കുന്ന പുണ്യപ്രവൃത്തിയാണ് താൻ ചെയ്യുന്നതെന്ന ആത്മീയ ബോധത്തിൽ നിന്നാണ് വളർച്ച .ആത്മീയത നിറഞ്ഞ കള്ളനായി മോഹനൻ മാറുന്നു.സ്നേഹിച്ച പെണ്ണിന്റെ പേരുദോഷം മാറ്റുവാനായി സാഹസികമായി മലകയറുന്നു.തന്നെ വെടിവെച്ച ,കുട്ടിക്കാലം ഓർമ്മിക്കാൻ പോലും സാധിക്കാൻ പറ്റാത്ത നിലയിലാക്കിയ ഭാസ്കരൻ മാഷിനെ അവൻ ഒരു മകനെ പോലെ സഹായിക്കുന്നു.അദ്ദേഹത്തിന്റെ വാശിക്ക് മുമ്പിൽ മോഹനൻ തോറ്റു കൊടുക്കുന്നു. പകരം ആ ഗുരുവിന്റെ അനുഗ്രഹത്തിന് വില കൊടുക്കാനാണ് അവൻ ശ്രമിക്കുന്നത്. ഇത്തരം സ്വഭാവങ്ങളിലൂടെ മോഹനൻ എന്ന കഥാപാത്രത്തിന് സമൂഹംനൽകിയ സ്വഭാവ ഗുണങ്ങളിൽ നിന്നുംവ്യത്യസ്തമായ സ്വഭാവഗുണമാണ് അവന്റെ ഉള്ളിലുള്ളത് എന്ന് മനസ്സിലാക്കാം.

ഭാസ്കരൻ ,മോഹനൻ എന്നീ കഥാപാത്രങ്ങൾ നോവലിൽ പൂർണമായി ഒരു നായക കഥാപാത്രമാണോ ഒരു വില്ലൻ കഥാപാത്രമാണോ എന്ന് വ്യക്തമായി പറയാൻ സാധിക്കാത്ത വിധമാണ് അവരെ എഴുത്തുകാരൻ അവതരിപ്പിച്ചിരിക്കുന്നത്. ഇരുകഥാപാത്രങ്ങളും അവരുടെ ഉള്ളിലെ യഥാർത്ഥമായ സ്വഭാവം പുറത്തു കൊണ്ടുവരാതിരിക്കാൻ ശ്രമിക്കുന്നെങ്കിലും അവ പലപ്പോഴും പുറത്തേക്കു

വരുന്നുണ്ട്. ഭാസ്ക്കരൻ മാഷിന്റെ ഉള്ളിലെ ക്രൂരൻ സ്വഭാവം വെളിപ്പെടുത്തുന്ന തും, കള്ളക്കടത്തുകാരനായ ഡബിൾ മോഹനന്റെ ഉള്ളിലെസ്നേഹം ആഗ്രഹിക്കു ന്നശത്രുവിനെ വരെസഹായിക്കാൻ മനസ്സുള്ള സ്വഭാവം പുറത്തു വരുന്നതും ഇതി നുദാഹരണമാണ്. ഇരുകഥാപാത്രങ്ങൾക്കും നായക,പ്രതിനായക ഛായ നൽകാൻ ഇന്ദുഗോപൻ ശ്രമിക്കുന്നുണ്ട് എന്ന് ഈ വീക്ഷണത്തിൽ നിന്നും വ്യക്തമാക്കാം. ഏതൊരുവന്റെ ഉള്ളിലും ഹിംസയുടെയും അഹിംസയുടെയും ഗണങ്ങൾ നിറഞ്ഞി രിക്കും. സാഹചര്യങ്ങളും ,ആവശ്യങ്ങളുമാണ് അത്തരം വാസനകളെ അടക്കിയും വെളിപ്പെട്ടും നിർത്തുന്നത്. നായകൻ /വില്ലൻ എന്നിങ്ങനെ ആരും തന്നെയില്ലെന്നും അടക്കിവച്ച വികാരങ്ങൾ ഒരിക്കൽ വെളിപ്പെട്ടു തന്നെ വരുമെന്നും ഇതിലൂടെവ്യ ക്തമാക്കാം.

### 3.3 അനി

ഭാസ്കരൻ മാഷിന്റെ മകനായ അനി നോവലിലെ പ്രധാന കഥാപാത്രങ്ങളിൽ ഒരാളാണ്. അച്ഛന്റെ ചീത്തപ്പേരിൽ നിന്നും മറികടക്കാൻ ശ്രമിക്കുന്ന ഒരു യുവാ വായി അനി നോവലിൽ മാറുന്നു. ചൈതന്യത്തിന്റെ വീട്ടുമുറ്റത്തുവച്ച് രാത്രിയിൽ സ്വന്തം അച്ഛനെ തീട്ടക്കുഴിയിൽ നിന്നും പിടിച്ചെടുത്തതോടെയാണ് അനിയുടെ ജീ വിതത്തിൽ മാറ്റങ്ങൾ ഉണ്ടാകുന്നത്. 'അനിയുടെ കയ്യിൽ നിന്ന് അറിയാതെ തടിക്ക ഷണം താഴെ വീണു, അവൻ ദയനീയമായി ചൈതന്യത്തെ നോക്കി'(പുറം30,വിലായ ത്ത് ബുദ്ധ 2024 ). വർഷം 10 കഴിഞ്ഞിട്ടും, സ്വന്തം അച്ഛനായ ഭാസ്കരനെ നാട്ടിലെ വേശ്യാസ്ത്രീയായി ചിത്രീകരിക്കപ്പെടുന്ന ചെമ്പകത്തിന്റെ തീട്ടക്കുഴിയിൽ നിന്നും പി ടിച്ചെടുത്തതിന്റെ നാണക്കേട് അനിയെവിട്ടുപോകുന്നുണ്ടായിരുന്നില്ല. അച്ഛന് പാർ ട്ടിയിൽ എന്തെങ്കിലും എതിർപ്പ് വരുമോ എന്ന്അവൻ ഭയപ്പെട്ടിരുന്നു .

*'' പീറ്റർ ഏട്ടാ വേറെ പ്രശ്നം വല്ലതുമുണ്ടോ''?*

*'' ചെമ്പകത്തിന്റെ കക്കൂസിന്റെ സ്ലാബ് കെട്ടി കൊടുക്കണം ... അല്ലാതെ എന്നതാ പ്രശ്നം'' ?*

*''അതല്ല പാർട്ടിയില് ''?*(പുറം33,വിലായത്ത് ബുദ്ധ 2024 ) അനി പീറ്ററിനോട് പറയു ന്ന ഈ വാക്കുകളിൽ നിന്നും അനിക്കുള്ള പേടി പ്രകടമാകുന്നുണ്ട്.

മഹാരാജാസിൽ നിന്നും ഡിഗ്രിക്ക് ചേരാനുള്ള ഫോം വാങ്ങി മടങ്ങി വന്ന അനി തിരിച്ച് മറയൂരിൽ എത്തിയപ്പോൾ കാക്കി പാപ്പുവിന്റെ പ്രസംഗത്തെയാണ് നേരിടേണ്ടി വന്നത് . തീട്ടം തീട്ടം എന്ന ജനങ്ങളുടെ അലർച്ചയും ചിരിയും അട്ടഹാ സവും കൂകിവിളിയുംഉച്ചത്തിലായപ്പോൾ കരഞ്ഞുകൊണ്ടാണ് അനി വീട്ടിലേക്കു മട

ങ്ങുന്നത്. ഇതൊന്നും കൂടാതെ തീട്ടത്തിന്റെ മകനെ എന്ന് വിളിച്ച് കാക്കി പാപ്പുവിന്റെഗുണ്ടകൾ അനിയെ തല്ലിച്ചതയ്ക്കുന്നുണ്ട്.

*''ടൗണില് ഒരുത്തൻ എന്റെഇരട്ടപ്പേര്വിളിച്ചതാ. അപ്പോഴത്തെ ദേഷ്യത്തി ഞാൻ അവന്റെ കുത്തിന് കേറിപ്പിടിച്ചു വേറെ രണ്ടുപേരും കൂടി ഉണ്ടായിരുന്നു.''(പുറം44,വിലായത്ത് ബുദ്ധ 2024 ).*

തീട്ടത്തിന്റെ മോനെ എന്ന കളിയാക്കൽ അനിയെ വല്ലാതെ വേദനിപ്പിച്ചിരുന്നു. ബാങ്കിൽ ഒരു യൂണിറ്റ് പോസ്റ്റ് ഉണ്ട് അതിന് നിനക്ക് നാണക്കേടുണ്ടോ എന്ന് പീറ്റർ ചോദിക്കുമ്പോൾ, നാണക്കേടോ"ഭാസ്കരന്റെ മോനോ"...എന്നാണ് അനി മറുപടി നൽകുന്നത്. സമൂഹം അവനെ മോശമായി കാണുന്നതിലും കളിയാക്കുന്നതിലും ഒറ്റപ്പെടുത്തുന്നതിലും അവൻ പൊരുത്തപ്പെടാൻ തുടങ്ങി എന്ന മാനസികാവസ്ഥയാണ് ഈ വാക്കുകളിൽ നിന്നും വ്യക്തമാകുന്നത്. മോഹനൻ ഭാസ്കരന്റെ വീട്ടിൽ വന്ന് ചന്ദനത്തിനുവേണ്ടി ഇരുവരും തർക്കിക്കുമ്പോഴും അച്ഛനോടൊപ്പം നിൽക്കാതെ തർക്കം ഒഴിവാക്കുവാൻ ആണ് അനി ശ്രമിക്കുന്നത്.*അച്ഛാ ഇത് അപകടമാചുമ്മാതെ വാശി ഉണ്ടാക്കരുത്*എന്നാണ്അനിപറയുന്നത്. അച്ഛന്റെ പേര് ദോഷവും സമൂഹത്തിലെ തന്റെസ്ഥാനവും മാറ്റിയെടുക്കാൻ ആഗ്രഹിക്കുന്നെങ്കിലും ഒരിക്കലും അച്ഛന്റെ ക്രൂരതകൾക്ക് കൂട്ടുനിൽക്കുന്നില്ല. അനുഗ്രഹം വാങ്ങിക്കാൻ വന്ന മോഹനനെ അറിയാതെയെങ്കിലും ഭാസ്കരൻ വെടിവെച്ചിടുന്നുണ്ട്. ഇതിൽ അനിക്ക് അച്ഛനോടുള്ള ദേഷ്യം കൂടുകയാണ് ചെയ്തത്.

*'' ഡാ അവനെ ഞാൻ വെടിവെച്ചു ''*

*''ആരേ'' ?*

*'' മോഹനനെ''*

*''ദൈവമേ''*.അനി സ്വന്തം നെറ്റിയിൽ കൈപ്പത്തി കൊണ്ടടിച്ച് നിരാശനായി വരാന്തയിൽ ചെന്നിരുന്നു(പുറം,88വിലായത്ത് ബുദ്ധ2024 ).

വെടി വച്ചിട്ടതിന് പ്രതികാരം ചെയ്യാനായി ചൈതന്യവും,അവിടേക്ക് മോഹനനും വന്നപ്പോൾ ഭാസ്കരന്റെയും ചൈതന്യത്തിന്റെയും മോഹനന്റെയും ഇടയിൽ പെട്ടുപോകുന്നത് അനിയാണ് .അവൻ ആരുടെയും ഭാഗത്ത് നിൽക്കാതെ കലഹം ഉണ്ടാക്കാതിരിക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. മോഹനന്റെ കയ്യിൽ നീരുകേറിയപ്പോൾ അവനെ ആശുപത്രിയിലാക്കാൻ സഹായിക്കുന്നത് അനിയാണ്. തനിക്കു വന്ന പേരുദോഷം മാറ്റാൻ ശ്രമിക്കുകയാണ് അനി ഇവിടെ.അച്ഛന് വീണ്ടും രാഷ്ട്രീയത്തിൽ ഭാവിയുണ്ട് എന്ന് മനസ്സിലാക്കിയ അനി അച്ഛന് രാഷ്ട്രീയത്തിലേക്ക് തിരിച്ചുപോകുവാനും അതിലൂടെ തങ്ങൾക്ക് വന്ന പേരുദോഷം മാറുവാനും ആഗ്രഹി

ക്കുന്നു. അച്ഛന്റെ വാശി ജയിക്കാതിരിക്കുവാനും മോഹനനുമായുള്ള എല്ലാ പ്രശ്നങ്ങളും അവസാനിപ്പിക്കുവാനും ചൈതന്യത്തിന്റെ ഒപ്പം നിന്ന് ചന്ദനമരം മുറിക്കുക എന്നതാണ് അനികണ്ട ഒരേ ഒരു മാർഗ്ഗം. കൂടുതൽ പ്രശ്നങ്ങളിലേക്ക്എത്താതെയും മറ്റുള്ളവരോട് ദേഷ്യം വയ്ക്കാതെയും അച്ഛന്റെ ക്രൂരതകൾക്ക് കൂടെ നിൽക്കാതെയും അച്ഛനെ രാഷ്ട്രീയത്തിലേക്ക് മടക്കി അയച്ചും ചന്ദനമരം അച്ഛൻ അറിയാതെ വെട്ടിമാറ്റിയും അച്ഛന്റെയും തന്റെയും പേരുദോഷം മാറ്റുവാനായി ശ്രമിക്കുകയാണ് അനി എന്ന കഥാപാത്രം.

വ്യക്തി എന്നത് സമൂഹത്തിന്റെകൂടി ഭാഗമാണ്. സമൂഹം കല്പിച്ചുവച്ച വിധികളെ വ്യക്തിക്കും സമൂഹത്തിനും ഗുണമുള്ളതാക്കി മാറ്റാൻ ബോധപൂർവമായ പരിശ്രമങ്ങൾ അത്യാവശ്യമാണ്. അത്തരം പരിശ്രമങ്ങളാണ് അനി എന്ന കഥാപാത്രം നിർവഹിക്കുന്നത്.

### 3.4 ചൈതന്യം

ഇല്ലായ്മയിൽ നിന്നും പൊരുതി വിജയിക്കാൻ മനസ്സുറപ്പുള്ള സ്ത്രീ കഥാപാത്രമാണ് ചൈതന്യം. മറയൂർ എന്ന ഗ്രാമത്തിലെ അറിയപ്പെട്ട വേശ്യയുടെ മകൾ അതു തന്നെയായിരുന്നു അവളിലെ പേരുദോഷവും.ഈ പേരുദോഷം മാറ്റുവാൻ ചൈതന്യം കണ്ടെത്തുന്ന ഉപായം മോഹനനാണ്. സമൂഹത്തിൽ ഒറ്റപ്പെടുന്നവൾ, എല്ലാവരാലും അകറ്റി നിർത്തപ്പെടുന്നവൾ, രാത്രികാലങ്ങളിൽ പകൽമാന്യരുടെശല്യം സഹിക്കേണ്ടി വരുന്നവൾ ഇതിനെല്ലാം അവൾ പ്രതിവിധിയായി കാണുന്നത് കള്ളക്കടത്തുകാരനും ജനങ്ങൾക്ക് പേടിയുള്ളവനുമായ മോഹനനെ തന്നെയാണ്. അവന്റെ തന്റേടവും ചുണയും മറ്റുള്ളവർക്ക് അവനോടുള്ള ഭയവും ആയിരുന്നു അവളുടെ ധൈര്യം. അതുകൊണ്ടുതന്നെ മോഹനൻ മറ്റുള്ളവരുടെ മുന്നിൽ താഴ്ന്നു കൊടുക്കുന്നത് ചൈതന്യം ഇഷ്ടപ്പെട്ടിരുന്നില്ല. ബ്രിട്ടീഷുകാരുപോലും പാറക്കെട്ടു കാരണം ഉപേക്ഷിച്ചവഴി ചൈതന്യത്തിന്റെ പേരുദോഷം മാറ്റുവാൻ വേണ്ടി മോഹനൻ കീഴടക്കാൻ ശ്രമിക്കുന്നുണ്ട്.

“ആദ്യം പഞ്ചായത്ത് രേഖയിൽ കയറി ആട്ടുമലയുടെ പേര് വെട്ടി ചൈതന്യമല എന്ന് തിരുത്തി ‘ചൈതന്യമല ‘എന്നൊരു പുതിയൊരു തമിഴ് ബോർഡും മലയുടെ കീഴിൽ നാട്ടി’’(പുറം,79 വിലായത്ത് ബുദ്ധ 2024)

*“ എന്നതിനാന്നു വച്ചചൈതന്യത്തിന്റെ പേര് ദോഷം മാറ്റാനാ സാറു പേരുദോഷം മാറ്റാൻ ചന്ദനത്തിരി കിടന്ന് എരിയാൻ നോക്കുമ്പോൾ അവനവളെ ചത്തതിനുശേഷം മലയ്ക്കു മുകളിൽ പ്രതിഷ്ഠയാക്കാൻ നോക്കുകയാണ്. അതിനുള്ള മുന്നോടിയാ മലക്ക് അവളുടെപേര് കൊടുക്കുന്നത് ‘ചൈതന്യമല’* (പുറം,79വിലായ

ത്ത് ബുദ്ധ 2024).എന്ന ബാബുവിന്റെ വാക്കുകളിലൂടെമോഹനനിലൂടെ അവൾ തന്റെ പേര് ദോഷം എങ്ങനെ മാറ്റിയെടുക്കുന്നു എന്നത് ഇതിൽ നിന്നും വ്യക്തമാണ്. *എത്ര കോടി കൊല്ലം കഴിഞ്ഞാലും ഇനി നീ ചോലക്കലെ ചെമ്പകത്തിന്റെ നാറിയ ബാക്കി ആകില്ല*എന്ന് മോഹനൻ ചൈതന്യത്തിനു വാക്കും നൽകുന്നുണ്ട് . മോഹനൻ വെടിയേറ്റ് വീണതറിഞ്ഞ ചൈതന്യം ഉറഞ്ഞുതുള്ളിയ ഭദ്രകാളിയെ പോലെയാണ് ഭാസ്കരൻ മാഷിന്റെ വീട്ടിലേക്ക് വരുന്നത്.

*''ഡാ മോഹനൻ വരുന്നുണ്ട് ദേഹം നൊന്താ പുലിയാണ് അവൻ നിന്റെ തന്തയെ എങ്ങോട്ടെങ്കിലും മാറ്റിക്കോടാ നിന്നെ ഇപ്പോൾ തന്നെ പട്ടട വിരിച്ച് എരിക്കേണ്ടിവരും ''*(പുറം,90വിലായത്ത് ബുദ്ധ 2024 ).

"തോളിൽ കെട്ടിവെച്ച മുറിവുമായി ഡബിൾ മോഹനൻ പുറത്തിറങ്ങി"(പുറം,90 വിലായത്ത് ബുദ്ധ 2024).

*''ഇനി എന്താ സംഭവിക്കുകയെന്ന് അറിയുകയില്ല പൊന്നു ഭഗവതി''.(പുറം,90വിലായത്ത് ബുദ്ധ2024).*

അവിടെയെത്തുന്ന മോഹനനെ തടയാൻ ശ്രമിക്കുന്ന ചെമ്പകത്തിനെ ചൈതന്യം പിടിച്ചു മാറ്റുന്നുണ്ട്. എന്നാൽ മോഹനൻ ചൈതന്യം ആഗ്രഹിച്ച പോലെ ഒരു ഇടപെടൽ നടത്തിയില്ല. അവന്റെ ശ്രദ്ധ തെറ്റുന്നു എന്ന് മനസ്സിലാക്കി അവൾ അവന്റെ അടുത്തേക്ക് വിതുമ്പി ഓടിചെല്ലുന്നു.

*'' ഇന്ന് ആട്ടുമലയ്ക്ക് വളയം പിടിക്കേണ്ടിയിരുന്ന കയ്യാ അല്ലേതന്നെ അങ്ങ് ചെന്നെത്തും എന്ന് ഉറപ്പില്ലാതിരിക്കുമ്പോൾ ഈ പരമ ദ്രോഹം ഒരു മനുഷ്യൻ ചെയ്യുന്നതാണോ''?(പുറം92,വിലായത്ത് ബുദ്ധ 2024).* ചൈതന്യത്തിന്റെ ഈ വാക്കുകളിൽ മോഹനൻ വീഴുന്നില്ല. ഭാസ്കരനെ അവിടെവച്ച് തല്ലുന്നതിനു പകരം നേർവിപരീതമാണ് ഉണ്ടായത്.ഇതിൽ ചൈതന്യത്തിന് ദേഷ്യവും അത്ഭുതവും ഉണ്ടാകുന്നു. മാഷിനെ കൊല്ലുവാനുള്ള ഒരു വികാരവും മോഹനൻ അവിടെ പ്രകടിപ്പിക്കുന്നില്ല. അവന്റെ സ്വാഭാവത്തിലെ മാറ്റത്തെപിടികിട്ടാതെ ചൈതന്യവും ഭാസ്കരനും ഒരേ പോലെ അന്തം വിട്ടുനിൽക്കുന്നു. മോഹനൻ എന്ന കള്ളക്കടത്തുകാരന്റെ വീര്യം ജനങ്ങളുടെ മുന്നിൽ കുറഞ്ഞു പോകുവാൻ പാടില്ല എന്ന് ചൈതന്യം ആഗ്രഹിക്കുന്നു എന്നുള്ളത് എഴുത്തുകാരൻ കഥയുടെ അവസാനത്തിൽ വ്യക്തമാക്കാൻ ശ്രമിക്കുന്നു. മോഹനൻ ചന്ദനമരം വിട്ടില്ല എന്നു മനസ്സിലാക്കുന്ന ചൈതന്യം അനിയോടൊപ്പം നിന്ന് ചന്ദനമരം മുറിക്കുന്നു. മരം മുറിക്കാതെ വാശിയെല്ലാം കെട്ടടങ്ങിയ മോഹനനെ കാണുമ്പോൾ അവളുടെ ഉള്ളിൽ ഭയമായിരുന്നു.

ഡബിൾ മോഹനന്റെ ചുണകുറഞ്ഞാൽ അവൾ ചോലക്കൽ ചെമ്പകത്തിന്റെ മകൾ മാത്രമായിപ്പോകും എന്നും ചെമ്പകത്തിന്റെ വീട്ടിൽ പണ്ട് പലവനും കേറി നിരങ്ങിയത് ആവർത്തിക്കുകയില്ലേ എന്നുമുള്ളഭയം ചൈതന്യത്തിൽ നിറയുന്നു. മോഹനൻ എന്ന പുരുഷന്റെ ബലത്തിലാണ് ചൈതന്യം സമൂഹത്തിൽ തന്റെതായ സ്ഥാനം നേടിയെടുക്കുന്നത്. അത് നിലനിർത്തുവാനും പേരുദോഷം മാറ്റിയെടുക്കുവാനും അവൾ ആഗ്രഹിക്കുന്നു എന്ന് ഇതിലൂടെവ്യക്തമാണ്. അതുകൊണ്ടുതന്നെ ചന്ദനമരം വെട്ടുക എന്നത് ഡബിൾ മോഹനനേക്കാൾ ആവശ്യം ചൈതന്യത്തിനായിരുന്നു. അവളുടെപേരുദോഷം മോഹനനിലൂടെ മാറ്റാൻ. അതിനോടൊപ്പം തന്നെ അനിയ്ക്കും അച്ഛനായി വരുത്തിയ പ്രശ്നങ്ങൾക്ക് അവസാനം ഉണ്ടാക്കുവാനും അച്ഛനെ തിരിച്ചു പാർട്ടിയിൽ കൊണ്ടുവന്ന് അച്ഛനിലൂടെ വന്ന പേരുദോഷം മാറ്റുവാനും ചന്ദനമരം മുറിക്കേണ്ടത് അത്യാവശ്യമായി വരുന്നു. അനി, ചൈതന്യം എന്നീ കഥാപാത്രങ്ങൾ തങ്ങളുടെതല്ലാത്ത കാരണത്താൽ വന്ന പേരുദോഷത്തെ പ്രത്യക്ഷമായും പരോക്ഷമായും മാറ്റിയെടുക്കാൻ ശ്രമിക്കുന്നുണ്ട് എന്ന് മനസ്സിലാക്കാം.

നോവലിലെ പ്രധാന കഥാപാത്രങ്ങളായ ഭാസ്കരൻ മോഹനൻ ചെമ്പകം അനി എന്നിവരാണ്. ഓരോ കഥാപാത്രത്തിനും അവരുടേതായ ജീവിത പ്രശ്നങ്ങൾ ഉണ്ട് സമൂഹത്തിൽ ഇവർ പല കാരണങ്ങളാൽ അപമാനിതരാണ്. എന്നാൽ ഏവരും ഒന്നിലും തളർന്നു പോകാതെ ആ അപമാനത്തെ മറികടക്കുവാനുള്ള പോരാട്ടം ആയി കൂടി നോവൽ വ്യാഖ്യാനിക്കാം.

# ഉപസംഹാരം

# ഉപസംഹാരം

ആഖ്യാനത്തിൽ പുത്തൻ രീതിയിലൂടെ പുത്തൻ വായനാനുഭവം നൽകുന്ന ജി.ആർ. ഇന്ദുഗോപന്റെ 'വിലായത്ത് ബുദ്ധ'യിൽ മറ്റു സാഹിത്യകൃതികളിലെ പോലെ ബിംബങ്ങളും, പ്രതീകാത്മകതകളും കടന്നു വരുന്നു. ഈ ബിംബങ്ങളിലൂടെ കഥാപാത്രസ്വഭാവങ്ങളെ ഗാഢമായി പഠിക്കുകയും, നോവലിലെ ഓരോ പ്രതീകങ്ങ ളുടെയും അർത്ഥതലങ്ങളെ നിരീക്ഷിക്കുകയുമാണ് ഈ പ്രബന്ധം.'വിലായത്ത് ബുദ്ധ' കേവലം ഇടുക്കി ജില്ലയിലെ ചന്ദനത്തടിക്കുവേണ്ടി പോര് നടത്തുന്ന ശിഷ്യ ന്റെയും ഗുരുവിന്റെയും കഥയാകുന്നില്ല. സാഹചര്യത്തിനനുസരിച്ച് മാറുന്ന മനുഷ്യ സ്വഭാവങ്ങളെ മനശാസ്ത്രപരമായി പറഞ്ഞു വയ്ക്കുകയും, ഹിംസ/ അഹിംസ, ഗുരു/ശിഷ്യൻ, സുഗന്ധം/ദുർഗന്ധം എന്നീ വിപരീത അവസ്ഥകളുടെ സംഘട്ട നത്തെയും എടുത്തു കാണിക്കുന്നു. പെണ്ണും പ്രകൃതിയും രണ്ടല്ലെന്ന ദ്രാവിഡ പാര മ്പര്യത്തെ ഓർമ്മപ്പെടുത്തുന്ന നോവൽ കൂടിയായി ജി.ആർ.ഇന്ദുഗോപന്റെ'വിലായ ത്ത് ബുദ്ധ' മാറുന്നുണ്ട്.

ജീവിതത്തെ അഭിമാനത്തിന്റെ ത്വക്കിൽ ഒളിപ്പിച്ച് പുറത്ത് ചന്ദനവും സുഗന്ധങ്ങ ളും പുരട്ടി മനുഷ്യർ ജീവിക്കുന്നു. അഭിമാനനിർമ്മാണവും സംരക്ഷണവുമായി ജീവി തം മാറുന്നു. നഷ്ടപ്പെട്ട അഭിമാനം വീണ്ടെടുക്കാൻ ശ്രമിക്കുന്നത് നോവലിൽ കാ ണാം. ജീവിതത്തിന്റെ അർത്ഥവും അനർഥവും കഥാപാത്രങ്ങൾ പങ്കുവയ്ക്കുന്നു. പ്രകൃതിയുടെ അന്തിമയാഥാർത്ഥ്യം സൗരഭ്യം അല്ല ദുർഗന്ധപൂരിതമായ ജീർണത യാണ് എന്ന യാഥാർത്ഥ്യം നോവൽ ആവിഷ്കരിക്കുന്നുണ്ട്. വിലായത്ത് ബുദ്ധ ഒരേസമയം നമ്മൾ ജീവിക്കുന്ന ഭോകലോകത്തെയും ആത്മീയ കാപട്യത്തെയും തു റന്നു കാണിക്കുന്നു. ആധ്യാത്മികതയുടെ നിറവുകൊണ്ടും ബുദ്ധദർശനങ്ങളുടെപ ശ്ചാത്തലം കൊണ്ടും മലയാള സാഹിത്യത്തിൽ ചർച്ചയാകാൻ പോകുന്ന അനേകം ചെറു ശിൽപ്പങ്ങൾ അടങ്ങുന്ന നോവലാണിത്.

വിലായത്ത് ബുദ്ധ സമാനതകൾ ഇല്ലാത്ത കൃതിയാണ് എന്ന് നാം മനസ്സിലാക്കു ന്നു. ആഴത്തിലുള്ള വായനയിലൂടെ അതിന്റെ പൊരുൾ പല വിതാനങ്ങളിൽ വിടർ ന്നുവരുന്നു. അനേകം ബുദ്ധ ശിൽപ്പങ്ങൾ ഊറി കൂടി നിൽക്കുന്ന ചന്ദനമരം പോ ലെ തന്നെയാണ് ഈ നോവലും മനുഷ്യസ്വഭാവത്തിന്റെ സൂക്ഷ്മയാഥാർത്ഥ്യങ്ങൾ ഇതൾ വിടരുകയാണിവിടെ.

## നിഗമനം

- നോവൽ പശ്ചാത്തലമായ മറയൂർ എന്ന ഗ്രാമവും ചന്ദനമരവും ആട്ടുമലയും കഥാപാത്രങ്ങളുടെ പേരുകളും ഭാസ്കരൻ മാഷിന്റെ തോക്കും മഞ്ഞ, വെള്ള, വിലായത്ത് ചന്ദനം എന്നീ നിറങ്ങളുമെല്ലാം നോവലിൽ കടന്നു വരുന്ന വ്യത്യസ്തമായ ബിംബപ്രതീകങ്ങളാണ്, അവ ഒരേസമയം കഥാപാത്രങ്ങളുമാകുന്നു.
- സാധാരണ എഴുത്തുരീതിയെ പൊളിച്ചെഴുതിക്കൊണ്ട് കഥയിൽ വില്ലനെന്നോ, നായകനെന്നോ പ്രത്യകമായ സ്ഥാനം നൽകാതെ ന്യായം അരുടെ ഭാഗത്ത് എന്ന് വായനക്കാരെക്കൊണ്ട് ചിന്തിപ്പിക്കുന്നു. നായക പ്രതിനായ കഥാപാത്ര നിർമ്മിതിക്കാവശ്യമായ ഘടകങ്ങളിൽ നിന്നും വ്യത്യസ്തമായി യഥാർത്ഥ മനുഷ്യന്റെ സ്വഭാവരീതികളെ ഉപയോഗിച്ചുകൊണ്ട് കഥാപാത്രനിർമ്മിതി നിർവഹിക്കുന്നു.
- സാഹചര്യത്തിനനുസരിച്ച് സ്വന്തം വ്യക്തിത്വത്തെ നിർമ്മികുന്ന മനുഷ്യനിൽ നന്മ തിന്മയുടെ അംശം കാണുന്നു.'ആട്ടുമല' മോഹനനന്റെ പൗരുഷത്തെ പ്രതീകവത്കരിക്കുകയാണ് ചെയുന്നത്. പൗരുഷം എന്നത് ജീവിതത്തൊടുള്ള പോരാട്ടവും, സ്നേഹിച്ച പെണ്ണിനെ സംരക്ഷികുന്നതും , ഗുരുവിനോടുള്ള ബഹുമാനവുമാണ് എന്ന് ഈ കഥാപാത്രത്തിലൂടെ എഴുത്തുകാരൻ പറഞ്ഞു വെക്കുന്നു.
- പൗരുഷത്തിന്റെതെന്ന് മാത്രം എന്നുമാത്രം സമൂഹം പറഞ്ഞുവെക്കുന്ന ധൈര്യം, തന്റേടം എന്നി സ്വഭാവവിശേഷണങ്ങൾ, സ്ത്രീ കഥാപാത്രത്തിനു നൽകി, അത്തരം പുരുഷാധിപത്യ ചിന്തയെ മാറ്റി നിർത്തുകയാണ് രചയിതാവ്. പെണ്ണിനും മണ്ണിനും ദൈവത്വം കൽപ്പിക്കുന്ന പാരമ്പര്യത്തെ തിരിച്ചുപിടിക്കാൻ ശ്രമിക്കുന്ന നോവലാണ് 'വിലായത്ത് ബുദ്ധ'.
- ഏതു വിശുദ്ധനും അയാൾക്ക് വിധിക്കപ്പെട്ട നിസ്സാരതയിലേക്ക് ഒടുവിൽ നീങ്ങും എന്ന തത്വം 'വിലായത്ത് ബുദ്ധ' മുന്നോട്ട് വയ്ക്കുന്നു. സ്വത്വവും അപരവും തമ്മിലുള്ള സംഘർഷം വ്യക്തിയിൽ അന്തർലീനമാണ്.
- മറച്ചു വയ്ക്കപ്പെട്ട തൃഷ്ണ അടിയന്തരഘട്ടങ്ങളിൽ വെളിപ്പെടുക തന്നെ ചെയ്യും എന്നത് ഭാസ്കരൻ മാഷ്, ഡബിൾ മോഹൻ എന്നീ കഥാപാത്രങ്ങളിലൂടെ വെളിവാക്കുന്നു.
- ഗന്ധബിംബങ്ങൾക്ക് നോവലിൽ കഥാപാത്രപ്രധാന്യമുണ്ട്. സുഗന്ധവും ദുർഗന്ധവും, ചന്ദനവും അമേദ്യവുമെല്ലാം അതിജീവനബിംബങ്ങളായി നോവലിൽ അവതരിപ്പിക്കുന്നു.

# ഗ്രന്ഥസൂചി

# ഗ്രന്ഥസൂചി


1. ഇന്ദുഗോപൻ ജി.ആർ, വിലായത്ത് ബുദ്ധ, മാതൃഭൂമി പബ്ലികേഷൻ, 2024
2. ഉണ്ണി ആമപ്പാറയ്ക്കൽ(എഡി),പുതിയ കാലം പുതിയ നോവൽ ,ആത്മ ബുക്ക്സ്, കോഴിക്കോട്,2021
3. കൃഷ്ണവാര്യർ ,വള്ളത്തോൾ കാവ്യശില്പം, കേരള സർവ്വകലാശാല മലയാള വിഭാഗം, 1977
4. തോന്നയ്ക്കൽ വാസുദേവൻ, യുങ്ങിന്റെ മന:ശാസ്ത്രം, ഗ്രേസ് പബ്ലിക്ഷേൻ, തിരുവനന്തപുരം – 2002
5. നാരായണക്കുറുപ്പ് പി, കാവ്യബിംബം ഹിന്ദിയിലും മലയാളത്തിലും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,1988
6. ബഷീർ എം.എം. ,നോവൽ പഠനം, സാഹിത്യ പ്രവർത്തക സഹകരണ സംഘം ,നാഷണൽ ബുക്ക് സ്റ്റാൾ,കോട്ടയം2015.
7. ഭാമിനി . സി , നോവലിന്റെ നക്ഷത്രലോകങ്ങൾ, കറന്റ് ബുക്ക്സ്,കോട്ടയം, 2016
8. രാമകൃഷ്ണൻ.ഇ.വി , മലയാളനോവലിന്റെ ദേശകലങ്ങൾ ,മാതൃഭൂമി ബുക്ക്സ്, 2018
9. രവീന്ദ്രൻ.പി.പി, ആധുനികാനന്തരം വിചാരം വായന, കറന്റ് ബുക്ക്സ്, തൃശ്ശൂർ, 1999
10. രമേഷ് കെ. പി, ആധുനികാനന്തര മലയാള നോവൽ ,കേരള സാഹിത്യ അക്കാദമി,തൃശ്ശൂർ 1998.

**English**

1. David longman [London]1972.
2. Metaphor countries of the mind [London]1931 – Murry.J.Middleton .
3. New criticism and Newcritics ,Ranabrothers ,New Delhi1990 – DR.Reghukul Tilak
4. Poetic image – C.Day Leavis – [London]1948

**ഓൺലൈൻ റഫറൻസ്**

https://Wtplive.in/Niroopanamvimarshanam/Prasanth-hariharan-aboutvilayathbudha-byg.r.indugopan-1760